നിയമ സംസ്കാര കേന്ദ്രത്തിന്റെ

# ജനനീതി

3.00 ക.

# പോലീസിന്റെ തിരിച്ചുവരവ്




ബംഗാൾ പോലീസ് കേന്ദ്രസേനയുടെ സഹായത്തോടെ ലാൽഗഡിലെ പോലീസ് സ്റ്റേഷൻ മാവോയിസ്റ്റുകളിൽനിന്ന് വീണ്ടെടുക്കുന്നു.

148

ആഗസ്റ്റ് 2009

# കൃത്രിമ സംഘട്ടനവും വധവും: പോലീസുകാർക്കെതിരെ കേസ്

**ആ**ന്ധ്രയിലെ പ്രകാശം ജില്ലയിലെ നല്ലമല വനമേഖലയിൽ 2006 ജൂലായ് 23ന്ന് എട്ടു മാവോയിസ്റ്റുകളെ വധിച്ച പോലീസുകാർക്കെതിരെ വ്യക്തിപരമായി കോലപാതകക്കേസ് ചാർജ്ജ് ചെയ്യാനുള്ള ആന്ധ്രാ ഹൈക്കോടതിയുടെ വിധിക്ക് വീണ്ടും ജീവൻ വയ്ക്കുന്നു.

ആന്ധ്ര പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ സമർപ്പിച്ച ഒരു ഹർജിയുടെ അടിസ്ഥാനത്തിൽ സുപ്രീം കോടതി ആന്ധ്രാ ഹൈക്കോടതിയുടെ ഈ കല്പനയെ സ്റ്റേ ചെയ്തിരിക്കുകയായിരുന്നു.

ആളുകളെ മാവോയിസ്റ്റ് മുദ്രകുത്തി വധിച്ചുകളയുന്നതിന്നെതിരായി ആന്ധ്രാ പൗരസ്വാതന്ത്ര്യ കമ്മിറ്റിയാണ് ഹൈക്കോടതിയെ സമീപിച്ചിരുന്നത്. അഞ്ചു ജഡ്ജിമാരടങ്ങിയ ഒരു ഡിവിഷൻ ബഞ്ച് ഈ കേസിന്റെ വിചാരണക്കായി ഏർപ്പെടുത്തിയിരുന്നു. അവസാനം ഈ വധത്തിന്നുത്തരവാദികളായ പോലീസുകാർക്കെതിരെ വ്യക്തിപരമായി കൊലപാതകക്കേസെടുക്കാൻ കോടതി വിധിച്ചു. സ്വാഭാവികമായും പോലീസുകാരെ ഇതു നടുക്കിക്കളഞ്ഞു. നൂറുകണക്കിന്നു ആളുകളെ മാവോയിസ്റ്റെന്ന മുദ്രയടിച്ച് വെടിവെച്ചുകൊന്ന നാടാണ് ആന്ധ്ര. സംസ്ഥാന ഗവർമ്മേണ്ട് തന്നെയാണ് ഇതിന്നു പിന്നിലുള്ള ശക്തിയെങ്കിലും ഹൈക്കോടതി വിധിക്കെതിരെ എന്തെങ്കിലും ചെയ്യാൻ അവർക്കാവില്ലായിരുന്നു. അങ്ങനെയാണ് പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ കോടതിയെ സമീപിച്ചത്.

കഴിഞ്ഞ ഫെബ്രുവരി 6ന്ന് സുപ്രീം കോടതി ആന്ധ്രാ ഹൈക്കോടതിയുടെ വിധി നടപ്പാക്കുന്നത് സ്റ്റേ ചെയ്തിരുന്നു. ഈ സ്റ്റേ ഒഴിവാക്കിക്കിട്ടാൻ ആന്ധ്രാ പൗരസ്വാതന്ത്ര്യ കമ്മിറ്റി സുപ്രീം കോടതിയെ സമീപിച്ചതിന്നനുസൃതമായി ചീഫ് ജസ്റ്റിസ് ബലകൃഷ്ണൻ, ജസ്റ്റിസ് സദാശിവം, ജ: ദീപക് വർമ്മ എന്നിവരടങ്ങിയ ഡിവിഷൻ ബഞ്ച് സംസ്ഥാന ഗവർമ്മേണ്ടിന്ന് നോട്ടീസ് നൽകിയിരിക്കുകയാണ്.

പോലീസും ഭരണാധികാരികളും നിയമം കയ്യിലെടുക്കുന്നതിനെ അപലപിക്കുന്ന ഒട്ടേറെ വിധികൾ ഇന്ത്യൻ കോടതികളിലുണ്ടായിട്ടുണ്ടെന്ന് പൗരസ്വാതന്ത്ര്യ കമ്മിറ്റിക്കുവേണ്ടി ഹാജരായ രാജീന്ദർ സച്ചാർ സുപ്രീം കോടതിയിൽ ചൂണ്ടിക്കാട്ടി. കൃത്രിമ ഏറ്റുമുട്ടൽ മരണങ്ങളായാലും കസ്റ്റഡി മരണങ്ങളായാലും ആളുകളെ കാണാതാകുന്ന സംഭവങ്ങളായാലും ദണ്ഡനമുറകളായാലും ഈ കോടതി മുമ്പാകെ ഹാജരാക്കിയാൽ കോടതി അതിനെ നിസ്സംശയം എതിർത്തിട്ടുണ്ടെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

1997ന്നും 2003ന്നും ഇടക്കുള്ള അഞ്ചു കൊല്ലത്തിന്നിടയിൽ പോലീസുമായുള്ള "സംഘട്ടന"ങ്ങളിൽ 1314 പേർ മരിച്ചിട്ടുണ്ടെന്ന് രാജീന്ദർ സച്ചാർ ചൂണ്ടിക്കാട്ടി. കൊല്ലപ്പെട്ടവരിൽ മിക്കവരും സാധാരണക്കാരാണ്; അവർ നക്ഷലുകളാണെന്ന് പോലീസ് പോലും പറയുന്നില്ല. ഈ സ്റ്റേ ഒഴിവാക്കാത്തപക്ഷം ഹരജിക്കാർക്ക് വലിയ നഷ്ടം സംഭവിക്കുമെന്നല്ല സംഘട്ടനമരണം, കസ്റ്റഡി മരണം തുടങ്ങിയവയെക്കുറിച്ചുള്ള അന്വേഷണംപോലും മുടങ്ങുമെന്ന് സച്ചാർ ഓർമ്മിപ്പിച്ചു. ❑



ജനനീതി

ആഗസ്റ്റ് 2009
**148**

പത്രാധിപർ:
**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:
**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# കമ്മീഷനുകളെപ്പറ്റി അന്വേഷിക്കാൻ ഒരു കമ്മീഷൻ

**1**992ൽ അയോദ്ധ്യയിലെ ബാബറി മസ്ജിദ് തകർത്തതിനെപ്പറ്റി അന്വേഷിക്കൻ നിയുക്തനായിരുന്ന ജ: ലിബറാൻ പതിനേഴു കൊല്ലത്തെ അധ്വാനത്തിന്നുശേഷം ഈ ജൂൺ 30ന്ന് ഗവർമ്മേണ്ടിന്ന് റിപ്പോർട്ട് സമർപ്പിച്ചു. ഒരു പക്ഷെ ഗിന്നസ് ബുക്കിൽ എഴുതിച്ചേർക്കേണ്ട ഒരു റെക്കോർഡായിരിക്കണം ഇത്. പക്ഷെ അതുകൊണ്ടും കാര്യമായില്ല. ഗവർമ്മേണ്ടിന്റെ വിശദമായ പഠനത്തിന്നുശേഷമേ റിപ്പോർട്ടിന്റെ ഉള്ളടക്കം പാർലിമെന്റിന്നു നൽകൂ. അതിന്നും ഒരു പതിനേഴുകൊല്ലം എടുത്തുകൂടെന്നില്ല. കമ്മീഷന്റെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചതിന്നുശേഷമേ മേൽനടപടികളെപ്പറ്റി ചിന്തിക്കൂ. അതിന്നൊരു പതിനേഴല്ല മുപ്പത്തിനാലുകൊല്ലം വേണ്ടിവന്നുവെന്നുവരാം. ബാബറി മസ്ജിദ് തകർത്ത സംഭവത്തിൽ ഉൾപ്പെട്ടവരായി ആരുടെയെങ്കിലും പേർ ജ: ലിബറാൻ തന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിൽ, അവരെല്ലാം അതിന്നകം കഥാവശേഷരായി കഴിഞ്ഞിരിക്കും. അതിനാൽ മേൽനടപടിയെപ്പറ്റി ചിന്തിക്കേണ്ടിവരില്ല.

അന്വേഷണ കമ്മീഷനെ നിയമിക്കുക എന്നത് സദുദ്ദേശത്തോടെയുള്ള ഒരു നടപടിയാണ്. സാധാരണയായി മൂന്നുമാസംകൊണ്ടോ ആറുമാസംകൊണ്ടോ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കാനാണ് ഗവർമ്മേണ്ട് ആവശ്യപ്പെടുക. പക്ഷെ ഒരിക്കൽ കമ്മീഷനിൽ കയറിപ്പറ്റിയാൽപിന്നെ അന്വേഷണത്തിന്ന് അറുതിവരാറില്ല. കമ്മീഷൻ ആവശ്യപ്പെടുന്നതനുസരിച്ച് കമ്മീഷന്റെ കാലാവധി ഗവർമ്മേണ്ട് നീട്ടിക്കൊടുത്തുകൊണ്ടേയിരിക്കും. വാസ്തവത്തിൽ ഈ കമ്മീഷനുകളെല്ലാം അനാഥപ്രേതങ്ങളാണ്. ആർക്കും അതിലൊരു താല്പര്യവുമുണ്ടാകാ

റില്ല. കമ്മീഷന്റെ നിയമനത്തോടെ ജനരോഷം ആറിത്തണുക്കുമെന്നതിനാൽ ഗവർമ്മേണ്ടിന്നതിൽ താല്പര്യമുണ്ടാകില്ല. അഹിതകരമായ കാര്യങ്ങളിൽ മുങ്ങിത്തപ്പാൻ കമ്മീഷന്നും താല്പര്യമുണ്ടാകാറില്ല. കനത്ത ശമ്പളം വക്കുപൊട്ടാതെ കിട്ടുമെന്നതിനാൽ എന്തിനിതിൽ വെപ്രാളം കാണിക്കണം. ബാബരി മസ്ജിദ് പ്രശ്നം അന്വേഷിച്ച ലിബറാൻ കമ്മീഷന്നുവേണ്ടി ചെലവായത് എട്ടു കോടി രൂപയാണെന്ന് റിപ്പോർട്ടുണ്ട്. മറ്റു കമ്മീഷനുകളുടെ കഥയും ഇതിൽനിന്ന് അധികം വ്യത്യസ്തമാകാനിടയില്ല.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇന്ത്യയിൽ അമ്പതോളം കമ്മീഷനുകൾ നിയമിക്കപ്പെട്ടിട്ടുണ്ട്. ഈ കമ്മീഷനുകൾ എന്തു ചെയ്തു; ഇവയ്ക്കുവേണ്ടി എത്ര കോടി രൂപ ചെലവാക്കി; ഇവയുടെ റിപ്പോർട്ടുകളിന്മേൽ എന്തു മേൽനടപടി സ്വീകരിച്ചു തുടങ്ങിയ കാര്യങ്ങളെല്ലാം ഇന്ന് അജ്ഞാതമാണ്. റിട്ടയർ ചെയ്ത ജഡ്ജിമാർക്ക് മാന്യമായൊരു തൊഴിലും നല്ലൊരു ശമ്പളവും ഉറപ്പാക്കാനല്ലാതെ ഇത്തരം കമ്മീഷനുകൾകൊണ്ട് എന്താണൊരു കാര്യം?

ആറുമാസത്തിന്നകം അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കാത്ത കമ്മീഷനുകളെ പിരിച്ചുവിടുക മാത്രമല്ല, കമ്മീഷന്നുവേണ്ടി ചെലവാക്കിയ പണം തിരിച്ചുപിടിക്കാനും വ്യവസ്ഥ ചെയ്താലേ ഈ കമ്മീഷൻ ബിസിനസ്സിന്ന് ഒരറുതി വരൂ. നാനാവിധ കമ്മീഷനുകളുടെ പ്രവർത്തനത്തെപ്പറ്റി അന്വേഷണം നടത്താനും കമ്മീഷനുകളുടെ പ്രവർത്തനം എങ്ങനെ ഫലപ്രദവും കാര്യക്ഷമവുമാക്കാമെന്ന് അന്വേഷിക്കുന്നതിന്നുമാകട്ടെ അടുത്ത കമ്മീഷന്റെ നിയമനം.

നിയമപരിഷ്ക്കാരങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഗവർമ്മേണ്ട് ഈയിടെ ജ: വി.ആർ. കൃഷ്ണയ്യർ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചു. എത്ര കാര്യക്ഷമമായും ഫലപ്രദമായുമാണ് ആ കമ്മിറ്റി ശുപാർശകൾ സമർപ്പിച്ചത്! നമ്മുടെ കമ്മീഷനുകളിൽ ഏതെങ്കിലുമൊന്ന് ഇത്രയും കാര്യക്ഷമമായി പ്രവർത്തിച്ച ചരിത്രം നമുക്ക് ചൂണ്ടിക്കാട്ടാനുണ്ടോ?

ആദ്യകാലത്ത് അന്വേഷണ കമ്മീഷനുകളിൽ ജനങ്ങൾക്ക് വലിയ വിശ്വാസമുണ്ടായിരുന്നു. എന്ത് അതിക്രമം നടന്നാലും അതിനെപ്പറ്റി അന്വേഷിക്കാൻ ഒരു കമ്മീഷനെ നിയമിക്കണമെന്ന് ജനങ്ങൾ ആവശ്യപ്പെടാറുണ്ട്. ആദ്യകാലത്ത് ഇത്തരം കമ്മീഷനുകളുടെ പ്രവർത്തനം വളരെ കാര്യക്ഷമവും ഫലപ്രദവുമായിരുന്നു. കമ്മീഷന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവർമ്മേണ്ടുകൾ നടപടികൾ സ്വീകരിക്കാറുമുണ്ട്.

എന്നാൽ കുറച്ചുകാലമായി സ്ഥിതിഗതികൾ തകിടം മറിഞ്ഞിരിക്കുകയാണ്. കമ്മീഷനെ നിയമിക്കാനുള്ള വെമ്പൽ ജനങ്ങൾക്കല്ല, സർക്കാരിന്നാണ്. തൊട്ടതിന്നും പിടിച്ചതിന്നുമെല്ലാം കമ്മീഷനുകളെ നിയമിക്കും. കനത്ത ശമ്പളം കിട്ടുമെന്നതിനാൽ കമ്മീഷനിൽ കയറിപ്പറ്റാൻ വലിയ തിരക്കാണ്. എന്നാൽ വല്ല കാര്യവുമുണ്ടോ? കുറച്ചു കാലം കഴിയുമ്പോൾ ജനങ്ങളും സർക്കാരും ഈ കമ്മീഷൻ കാര്യം തന്നെ മറക്കും. ഇനി അഥവാ ഏതെങ്കിലും കമ്മീഷൻ ജോലിതീർത്ത് റിപ്പോർട്ട് സമർപ്പിച്ചാലും കാര്യമില്ല, അത് ഏതെങ്കിലും ഓഫീസിൽ പൊടിപിടിച്ച് കെട്ടിക്കിടക്കും. അന്വേഷണത്തിന്ന് വിധേയമായ വിഷയവുമായി ബന്ധപ്പെട്ടവരെല്ലാം മരിച്ചാലും സർക്കാരിന്റെ "പഠനം" അവസാനിക്കില്ല.

കമ്മീഷനുകളിൽ പലതും നിഷ്ഫലമാകുന്നതിന്റെ പ്രധാന കാരണം ആർക്കുമതിൽ താല്പര്യമുണ്ടാകാറില്ലെന്നതാണ്. കമ്മീഷനെ നിയമിച്ചുകൊ ➡ ണ്ടുള്ള വിജ്ഞാപനം പുറത്തുവരുന്നതോടെ ബന്ധപ്പെട്ടവർക്കെല്ലാം സമാധാനമായി. ഈ കമ്മീഷന്റെ പ്രവർത്തനത്തിന്ന് ഓഫീസ് സൗകര്യമുണ്ടോ, എഴുത്തുകുത്തു നടത്തുന്നതിന്ന് പോസ്റ്റൽ സാമഗ്രികളുണ്ടോ എന്നൊന്നും ആരും നോക്കാറില്ല. കമ്മീഷനുകളുടെ പ്രവർത്തനം നീണ്ടുപോകുന്നതിന്റെ ഒരു പ്രധാന കാരണം ഇതാണ്. തെറ്റു ചെയ്തവർ കമ്മീഷന്റെ പ്രവർത്തനങ്ങളെ നിഷ്ഫലമാക്കാൻ ശ്രമിക്കുന്നത് സ്വാഭാവികമാണല്ലൊ.

കമ്മീഷനുകളിൽ പലതും യഥാർത്ഥത്തിൽ അനാവശ്യമാണ്. ഗവർമ്മേണ്ടിന്ന് നേരിട്ട് പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാവുന്ന ഒരു കാര്യത്തിൽ എന്തിനാണൊരു അന്വേഷണ കമ്മീഷൻ? ഇതൊക്കെ ഒരു പഠനത്തിന്ന് വിധേയമാക്കേണ്ട കാര്യങ്ങളാണ്. ❑

# വന്യജീവി നശീകരണ ബോർഡ്

**- ദേവർഷി ദാസ്ഗുപ്ത -**

**ഇ**ന്ത്യയിലെ വന്യജീവി സംരക്ഷണരംഗത്ത് ഒട്ടേറെ പ്രശ്നങ്ങളുണ്ട്. പക്ഷെ വന്യജിവി സംരക്ഷണ ബോർഡിന്റെ ഒരു യോഗംപോലും നടത്തുന്നില്ല. സാക്ഷാൽ പ്രധാനമന്ത്രിയാണ് ഇതിന്റെ അധ്യക്ഷൻ. എന്നാൽ 2007നുശേഷം ബോർഡ് സമ്മേളിച്ചിട്ടില്ല.

പ്രധാനമന്ത്രിക്ക് സമയം കിട്ടാത്തതാണ് ഇതിന്നു കാരണമെന്ന് ഉദ്യോഗസ്ഥന്മാർ പറയുന്നു. ശുദ്ധ അസംബന്ധമാണിത്. വ്യവസായികളുടെ സമ്മേളനത്തിന്നും വ്യാപാരികളുടെ സമ്മേളനത്തിന്നുമെല്ലാം സമയം കിട്ടുന്ന ഒരാൾക്ക് വന്യജീവി സംരക്ഷണം പോലെ സുപ്രധാനമായൊരു പരിപാടിക്ക് സമയം കിട്ടുന്നില്ലെന്ന് പറയാനാവില്ല. വനങ്ങളുടേയും വന്യജീവികളുടേയും സംരക്ഷണത്തിന്നും വികസനത്തിന്നുമായി 2003ൽ സംഘടിപ്പിച്ചതാണ് ഈ ബോർഡ്.

ബോർഡിന്റെ തീരുമാനങ്ങൾ നടപ്പാക്കുന്നതിന്ന് ഒരു സ്റ്റാന്റിങ് കമ്മിറ്റിയുണ്ട്. ഈ കമ്മിറ്റി മുറയ്ക്ക് സമ്മേളിക്കുന്നുമുണ്ട്. പക്ഷെ വന്യജീവി സംരക്ഷണത്തേക്കാൾ വന്യജീവി നശീകരണമാണ് ഇവരുടെ പരിപാടി. വനഭൂമി മറ്റാവശ്യങ്ങൾക്ക് വിട്ടുകൊടുക്കാനും കാട്ടിൽ വ്യവസായങ്ങൾ ആരംഭിക്കാൻ സർവ്വെ നടത്താനുമെല്ലാമാണ് ഈ കമ്മിറ്റി അനുവാദം നൽകിക്കൊണ്ടിരിക്കുന്നത്.

ബോർഡിൽ ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരുമുണ്ട്. കമ്മിറ്റിയുടെ തോന്നിവാസങ്ങൾമൂലം ഇവരിപ്പോൾ ചേരിതിരിഞ്ഞുനിൽക്കുകയാണ്. 10 വ്യക്തികളും അഞ്ചു സന്നദ്ധ സംഘടനകളുമാണ് അനുദ്യോഗസ്ഥ വിഭാഗത്തിലുള്ളത്. ഈ കമ്മിറ്റിയുടെ തോന്നിവാസങ്ങളെപ്പറ്റി അനുദ്യോഗസ്ഥാംഗങ്ങൾ പ്രധാനമന്ത്രിക്ക് പരാതി സമർപ്പിച്ചിട്ടും ഫലമുണ്ടായില്ല.

കഴിഞ്ഞ മന്ത്രിസഭയിൽ വനം-പരിസ്ഥിതി വകുപ്പ് ദ്രാവിഡമുന്നേറ്റ കഴകത്തിനാണ് നൽകിയിരുന്നത്. ചോദിച്ചവർക്കെല്ലാം അവർ വനഭൂമി വിട്ടുകൊടുത്തുകൊണ്ടിരുന്നു. ഇത്തവണ കോൺഗ്രസ്സുകാരനായ ജയറാം രമേശിന്നാണ് വനംവകുപ്പ് നൽകിയിരിക്കുന്നത്. വ്യവസായികളോട് മമത പുലർത്തുന്ന ഒരാളാണ് ജയറാം എന്നത് ഒട്ടും ശുഭോദർക്കമല്ല. ❑

# പത്രക്കാർക്ക് ഭ്രാന്ത് പിടിച്ചാൽ

**- സിമ്പിൾ എം. പാനി -**

**ഓ**രോ കൊല്ലവും മികച്ച പത്രപ്രവർത്തനത്തിനുള്ള രാംനാഥ് ഗോയങ്ക അവാർഡ് പ്രഖ്യാപിക്കുമ്പോൾ അവാർഡ് നേടിയവരേയും അത് വിതരണം ചെയ്യുന്ന മഹാന്മാരേയും ഞാൻ അത്ഭുതത്തോടെ നോക്കിയിരിക്കാറുണ്ട്. പ്രതിഫലമൊന്നും കാംക്ഷിക്കാതെ ധീരമായി, കഠിനാധ്വാനം ചെയ്ത്, വിട്ടുവീഴ്ചയില്ലാതെ സത്യസന്ധമായ സേവനം നടത്തിയവർക്ക് കൈനിറയെ പ്രതിഫലം കിട്ടുന്നത് കാണേണ്ട കാഴ്ചതന്നെയാണ്. എന്നാൽ ഇക്കൊല്ലം സത്യസന്ധമായ റിപ്പോർട്ടിങ്ങിനെക്കുറിച്ചെല്ലാം പ്രസംഗിക്കുന്നതു കേട്ടപ്പോൾ എന്റെ വയറ്റിലെന്തോ ഉരുണ്ടുകയറുന്നതായി തോന്നി.

കാശ്മീരിലെ അമർനാഥ് തീർത്ഥാടനത്തോടനുബന്ധിച്ചു നടന്ന ഭൂസമരത്തിന്റെ അവശിഷ്ടം എന്നെ വേട്ടയാടികൊണ്ടിരുന്നു. ഞാനന്ന് ഒരു പ്രമുഖ ദേശീയ ദിനപത്രത്തിന്റെ ജമ്മു ബ്യൂറോവിലാണ് സേവനമനുഷ്ഠിച്ചിരുന്നത്. ഈ പ്രക്ഷോഭണം ജമ്മുവിൽ ഒരു കൊടുങ്കാറ്റായി വീശിയടിച്ചിരുന്നു. പത്രക്കാരിൽ മിക്കവരുടേയും നീതിബോധം ആ ചുഴലിക്കാറ്റിൽ പറന്നുപോയി.

തീർത്ഥാടകർക്ക് വിശ്രമിക്കാൻ കുറച്ചു വനഭൂമി വിട്ടുകൊടുത്തതാണ് പ്രക്ഷോഭണത്തിന്ന് കാരണം. ഭൂമി ഗവർമ്മേണ്ട് തിരിച്ചെടുത്തപ്പോൾ പ്രക്ഷോഭണം അതിന്നെതിരായി തിരിഞ്ഞു.

ഓഫീസിൽ രാവിലെ പത്രക്കാരെല്ലാം സമ്മേളിക്കും. റിപ്പോർട്ടർമാർ, ഫോട്ടോഗ്രാഫർമാർ, മറ്റു സ്റ്റാഫംഗങ്ങൾ എന്നിവരെല്ലാം അതിലുണ്ടാവും. ഞങ്ങൾ ഹിന്ദുക്കളായ സ്ഥിതിക്ക്, ക്ഷേത്രത്തിന്ന് വനഭൂമി കിട്ടാനുള്ള പ്രക്ഷോഭണത്തിന്റെ ഭാഗത്തായിരുന്നു ഞങ്ങൾ എന്നായിരുന്നു സങ്കല്പം. ഹിന്ദുക്കൾ ഭൂമിക്കുവേണ്ടി നടത്തുന്ന സമരത്തെ സർവ്വാത്മനാ പിന്താങ്ങാൻ ഞങ്ങൾ ബാധ്യസ്ഥരായി കണക്കാക്കപ്പെട്ടിരുന്നു; മാത്രമല്ല, സമരത്തെ വിജയിപ്പിക്കുന്നതിന്നാവശ്യമായ വിധത്തിൽ റിപ്പോർട്ടെഴുതാൻ ഞങ്ങൾ ധാർമ്മികമായും ബാധ്യസ്ഥരായിരുന്നതായി കണക്കാക്കപ്പെട്ടു.

XYZ എന്ന സ്ഥലത്ത് പ്രക്ഷോഭണത്തിന്റെ സ്ഥിതി എങ്ങനെയിരിക്കുന്നു എന്ന് ഞങ്ങളുടെ പത്രാധിപർ ചോദിക്കുന്നത് സാധാരണയായിരുന്നു. “ഗംഭീരം; അതിന്നവിടെ ഗംഭീര പിന്തുണ ലഭിച്ചുവരുന്നുണ്ട്” എന്ന് ഏതെങ്കിലും സഹപ്രവർത്തകൻ മറുപടി നൽകുന്നതും സർവ്വസാധാരണയാണ്. “എന്നാൽ abc എന്ന സ്ഥലത്ത് പ്രക്ഷോഭണത്തിന്ന് എന്താണ് തടസ്സമെന്ന് കണ്ടുപിടിക്കണം; അവിടെ പ്രക്ഷോഭണം ശക്തിപ്പെടുത്താൻ എന്തുചെയ്യണമെന്നും മനസ്സിലാക്കണം” എന്ന് പത്രാധിപർ നിർദ്ദേശിക്കുന്നതും പതിവാണ്. നിങ്ങൾ ജമ്മുവിലാണെങ്കിൽ, പ്രക്ഷോഭണത്തിന്ന് സ്തുതിഗീതങ്ങൾ പാടിയേ തീരൂ. പ്രക്ഷോഭണത്തെ വിമർശിക്കാനെന്നല്ല, മറ്റൊരു തരത്തിൽ ചിന്തിക്കാൻ പോലും അനുവദിക്കാറില്ലെന്നതിൽ നമുക്ക് ഫാസിസത്തിന്റെ നാമ്പുകൾ കാണാം. ഈ സമരത്തെ വിമർശനാത്മകമായി വിലയിരുത്തിയ പത്രക്കാർ വിരലിലെണ്ണാവുന്നിടത്തോളമേ ഉണ്ടായിരുന്നുള്ളൂ.

ഈ പ്രക്ഷോഭണത്തിന്ന് വികലമായ രണ്ടു മുഖങ്ങളുണ്ടായിരുന്നു. ഒന്ന്: യാഥാർത്ഥ്യം അംഗീകരിക്കാൻ വിസമ്മതിക്കുക. കാശ്മീർ താഴ്വരക്കെതിരായ സാമ്പത്തികോപരോധം പോലെ കണ്ണിൽ തറക്കുന്ന കാര്യം പോലും കണ്ടില്ലെന്നു നടിക്കുക. താഴ്വരയിലേക്കുള്ള ട്രക്കുകൾ കല്ലെറിഞ്ഞു തകർത്തും തീവച്ചു നശിപ്പിച്ചും നടപ്പാക്കിയ ഉപരോധം കാണാൻ വിസമ്മതിക്കുക. ജമ്മു-പത്താൻകോട് നാഷനൽ ഹൈവേയിൽ സമരക്കാർ ചുട്ടുചാമ്പലാക്കിയ പല ട്രക്കുകളും ഞാൻ കണ്ടിരുന്നുവെങ്കിലും പല പത്രങ്ങൾക്കും അതൊന്നും വാർത്തയായിരുന്നില്ല. കാരണം, കാശ്മീർ താഴ്വരക്കെതിരെ സാമ്പത്തികോപരോധമൊന്നും ഇല്ലെന്ന് ജമ്മുവിലെ മാധ്യമങ്ങൾ മുൻകൂട്ടി തീരുമാനിച്ചിരുന്നു! ഉപരോധമൊന്നുമില്ലെങ്കിൽ പിന്നെ ട്രക്കുകൾ തീവച്ചു നശിപ്പിക്കുന്ന പ്രശ്നവും ഉത്ഭവിക്കുന്നില്ല! എന്തെഴുതണമെന്ന് പത്രമാപ്പീസിൽതന്നെ തീരുമാനിച്ചിരിക്കും. അതിന്നു പാകത്തിന്ന് വാർത്തകൾ ഉണ്ടാക്കുന്ന ജോലിയേ ജർണലിസ്റ്റുകൾക്ക് നിശ്ചയിച്ചിരുന്നുള്ളൂ. ഉദാഹരണത്തിന്ന് ഉപരോധമൊന്നുമില്ലെന്ന് തെളിയിക്കാനായി മരുന്നുകൾ സുലഭമായി കിട്ടാനുണ്ടെന്ന് എഴുതാൻ ഞങ്ങളോടാവശ്യപ്പെടും. യഥാർത്ഥത്തിൽ മരുന്നിന് കടുത്ത ക്ഷാമമുണ്ടായിരുന്നു.

രണ്ട്: അയഥാർത്ഥമായതിനെ യഥാർത്ഥമായി സങ്കൽപ്പിക്കുക. അമർനാഥ് ഭൂസമരത്തെ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തോട് സമാന്തരമായി കാണലാണത്. സമരക്കാരെ “ധീരരായ ദേശീയ വീരപുരുഷന്മാരായി” ചിത്രീകരിക്കണം. അതായത് റെയിൽവേ ലൈൻ പൊളിക്കുന്നവരേയും ബന്ദ് ആഹ്വാനത്തെ വകവക്കാതെ റോഡിലിറക്കുന്ന വാഹനങ്ങൾ തല്ലിപ്പൊളിക്കുന്നവരേയും മറ്റു സംസ്ഥാനങ്ങളിൽ നിന്നു വരുന്ന വാഹനങ്ങൾ നശിപ്പിക്കുന്നവരേയും ധീര പുരുഷന്മാരായി ചിത്രീകരിക്കണം.

ഇതെല്ലാം കേട്ട് സഹിക്കാൻ വിധിക്കപ്പെട്ട നാട്ടുകാർക്കും കച്ചവടക്കാർക്കും കൂടുതൽ വിവേകമുണ്ടായിരുന്നു. ദേശീയത എന്നു പറയുന്നത് വെറുതെ പതാകവീശലല്ലെന്ന് അവർക്കറിയാമായിരുന്നു. ഭഗത്സിങ്ങിന്റെ മീശവച്ചാൽ രക്തസാക്ഷിയാവില്ലെന്നും അവർക്കറിയാമായിരുന്നു. റോഡിലിറങ്ങി ഗുണ്ടായിസം കാണിക്കുന്നത് ധീരതയല്ലെന്നും ഈ തല്ലിതകർക്കുന്നതിന്റെയെല്ലാം വില ജനങ്ങളുടെ പോക്കറ്റിൽ നിന്നു നൽകേണ്ടിവരുമെന്നും അവർക്കറിയാമായിരുന്നു. ബുദ്ധിജീവികൾക്ക് മനസ്സിലാക്കാനാകാത്ത കാര്യങ്ങളാണിവയെല്ലാം.

അമർനാഥ് ക്ഷേത്രബോർഡിന്ന് വനഭൂമി കിട്ടാനുള്ളതാണ് സമരമെന്നൊക്കെ പറഞ്ഞിരുന്നുവെങ്കിലും വാസ്തവത്തിൽ അതൊരു വിദ്വേഷ സമരമായാണ് രൂപാന്തരപ്പെട്ടത്. ഗൂജ്ജാർമാരുടെ കുടിലുകൾ നൂറുകണക്കിന്നാണ് അഗ്നിക്കിരയായത്. ദൽഹിയിലെ വ്യാപാര സമുച്ചയത്തിന്റെ മാതൃകയിൽ ജമ്മുവിൽ നിർമ്മിച്ചിരുന്ന “കാശ്മീർ സ്ക്വയർ മാലി”ന്റെ പേരിൽനിന്നും കാശ്മീർ എന്ന വാക്ക് തല്ലിപ്പൊളിച്ചു കളഞ്ഞ് “സിറ്റി സ്ക്വയർ മാൽ” എന്നാക്കി മാറ്റി. ഇത്തരം മനോഭാവങ്ങൾ ഏതൊരു നാഗരിക സമൂഹത്തിന്നും ആപൽക്കരമാണ്. പ്രത്യേകിച്ചും ലിബറൽ മൂല്യങ്ങളുടെ കാവൽഭടൻമാരായി കരുതപ്പെടുന്ന പത്രക്കാർതന്നെ ആ വഴിക്കു പോകുമ്പോൾ. ഭ്രാന്തന്മാരെ നിയന്ത്രിക്കാനുള്ളതാണ് ചങ്ങല; ചങ്ങലക്കുതന്നെ ഭ്രാന്തുപിടിച്ചാലെന്തുചെയ്യും? ❑

# വിവരാവകാശ നിയമത്തിൽ വെള്ളം കൂട്ടാൻ പ്ലാൻ

**- വെങ്കടേശ് നായക് -**

ഭരണപരിഷ്കാര കമ്മീഷന്റെ ശുപാർശകളുടെ പിൻബലത്തിന്മേൽ വിവരാവകാശ നിയമത്തിൽ വെള്ളം ചേർക്കാൻ ഗവർമ്മേണ്ട് തയ്യാറെടുത്തു വരികയാണ്. അതിൽ അത്ഭുതപ്പെടാനില്ല. തിരഞ്ഞെടുപ്പിൽ ജയിച്ച് അധികാരമേൽക്കുന്ന ഏതു കക്ഷിയും അന്തംകെട്ട് നിയമനിർമ്മാണത്തിന്ന് മുതിരാറുണ്ട്. വിവരാവകാശ നിയമം പാസാക്കിയ അവസരത്തിൽ അതുപയോഗിച്ച് ഒരു മന്ത്രിയെ ജയിലഴികൾ എണ്ണിക്കാൻ കഴിഞ്ഞു. ചെറുകിട ഉദ്യോഗസ്ഥന്മാരെ മാത്രമല്ല, വമ്പന്മാരേയും ഡിപ്പാർട്ടുമെന്റൽ നടപടികൾക്ക് വിധേയരാക്കാൻ സാധിച്ചു. ആയിരക്കണക്കിന്ന് അഴിമതികൾ പുറത്തുകൊണ്ടുവന്നു. ഭരണരംഗത്തെ തോന്നിവാസങ്ങളും അപ്രാപ്തിയും ചെറുപ്പക്കാർ ഇങ്ങനെ പുറത്തുകൊണ്ടുവന്നാൽ എന്തായിരിക്കും സ്ഥിതിയെന്ന് അധികൃതർ വേവലാതിപ്പെടുന്നു. ഈ നിയമം വളരെ അപകടകാരിയാണെന്നതിനാൽ ഇതിന്മേൽ എവിടെയെല്ലാം കോടാലി വയ്ക്കാമെന്നാണ് അധികൃതർ ചിന്തിക്കുന്നത്.

പാർലിമെന്റ് സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് രാഷ്ട്രപതി നടത്തിയ പ്രസംഗമൊന്നു വായിച്ചുനോക്കൂ. തന്ത്രപ്രധാനമല്ലാത്ത വിവരങ്ങളെല്ലാം പൊതുജനങ്ങൾക്ക് ലഭിക്കുമെന്ന് വാഗ്ദത്തം ചെയ്ത രാഷ്ട്രപതി വിവരാവകാശനിയമം ഭേദഗതി ചെയ്യുമെന്ന് തുറന്നു പറയുന്നുണ്ട്. ഗവർമ്മേണ്ട് ജീവനക്കാരെ സംബന്ധിച്ച പാർലിമെന്ററി സ്റ്റാന്റിങ് കമ്മിറ്റിയുടെ ചെയർമാനായ ഡോ. ഇ.എം.എസ്. നച്ചിയപ്പൻ നൽകുന്ന വാഗ്ദത്തത്തിന്ന് കടകവിരുദ്ധമാണിത്. വിവരാവകാശനിയമം ഏതെങ്കിലും തരത്തിൽ ഭേദഗതി ചെയ്യാൻ തന്റെ കമ്മിറ്റി നിർദ്ദേശിക്കില്ലെന്ന് ഡോ. നച്ചിയപ്പൻ പലതവണ ഉറപ്പു നൽകിയിട്ടുള്ളതാണ്. ഈ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ഇനിയും പ്രസിദ്ധീകരിച്ചിട്ടില്ല. അതേ സമയം രാഷ്ട്രപതിയുടെ പ്രസംഗത്തിൽ "ഭേദഗതി"ക്കാര്യം വ്യക്തമായും പറയുന്നുമുണ്ട്. അതായത് ഗവർമ്മേണ്ടിന്റെ ഗർഭഗൃഹത്തിൽ എന്തെല്ലാമോ ആലോചന നടക്കുന്നുണ്ടെന്നർത്ഥം. അതുപൊട്ടി തലയിൽ വീണ ശേഷം നാം മുറവിളികൂട്ടിയതുകൊണ്ട് കാര്യമൊന്നുമുണ്ടാവില്ല.

വിവരാവകാശ നിയമത്തിൽ വരുത്താൻ പോകുന്ന ഭേദഗതികൾ എന്തെല്ലാമായിരിക്കും? ഇതുസംബന്ധിച്ച് ഔദ്യോഗിക പ്രഖ്യാപനമൊന്നും പുറത്തു വന്നിട്ടില്ല. എന്നാൽ ചില സർക്കാർ രേഖകൾ വ്യക്തമായ ചില സൂചനകൾ നൽകുന്നുണ്ട്. രണ്ടാം ഭരണ പരിഷ്കാരകമ്മീഷന്റെ ഒന്നാമത്തെ റിപ്പോർട്ടിൽ തന്നെ വിവരാവകാശ നിയമം "ശക്തിപ്പെടുത്തണ"മെന്ന് പറഞ്ഞിരിക്കുന്നതായി കാണാം. സദ്ഭരണത്തിന്നുള്ള താക്കോലാണ് ഈ വിവരാവകാശ നിയമമെന്ന് കമ്മീഷൻ പറയുന്നു. കമ്മീഷന്റെ നിർദ്ദേശങ്ങൾ സംബന്ധിച്ച ഗവർമ്മേണ്ടിന്റെ തീരുമാനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽകൂടി കണ്ണോടിച്ചാൽ ഗവർമ്മേണ്ടിന്റെ മഴു വീഴാൻ പോകുന്ന ഭാഗങ്ങളെക്കുറിച്ച് സൂചന കിട്ടും. അവയിൽ പ്രധാനമായവ താഴെ ചേർക്കുന്നു.

1. ഫയൽ നോട്ടിങ്സ്: സർക്കാർ നടപടി ക്രമം സംബന്ധിച്ച മാന്വലിലെ 118-ാം ഖണ്ഡിക ഉപേക്ഷിക്കണമെന്ന് ഭരണ പരിഷ്കാര കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. ഗവർമ്മേണ്ട് ഈ നിർദ്ദേശം തിരസ്കരിക്കുകയാണ്. ഓരോ ഫയലിലും ആര് എന്ത് തീരുമാനിച്ചുവെന്ന് വ്യക്തമാക്കുന്നതാണ് 118-ാം വകുപ്പ്. ഇത് രഹസ്യ സ്വഭാവമുള്ളതാകയാൽ കമ്മീഷന്റെ നിർദ്ദേശം സ്വീകാര്യമല്ലെന്ന് ഗവർമ്മേണ്ട് പറയുന്നു. ഇവിടെയാണ് ഒളിച്ചുകളി നടക്കുന്നത്.

2005 ഡിസംബറിൽ, അന്നത്തെ പേഴ്സനൽകാര്യമന്ത്രി പാർലിമെന്റിൽ ഒരു ചോദ്യത്തിന് മറുപടി നൽകിയത് ഇങ്ങനെയാണ്: "സാമൂഹ്യ- വികസന കാര്യങ്ങൾ സംബന്ധിച്ച ചില കുറിപ്പുകൾ വെളിപ്പെടുത്താമെന്നാണ് ഗവർമ്മേണ്ട് കരുതുന്നത്. ഇതിന്റെ നടപടിക്രമം തയ്യാറാക്കിവരുന്നതേയുള്ളൂ". പിന്നീട് 2006 ആഗസ്തിൽ ഇതിന്റെ പിന്നിലെ ഒളിച്ചുകളി പുറത്തുവന്നു. സാമൂഹ്യ-സാമ്പത്തിക-വിസകന കാര്യങ്ങൾ സംബന്ധിച്ച കുറിപ്പുകൾ മാത്രം പ്രസിദ്ധീകരിക്കാമെന്നും എന്നാൽ ആര് തീരുമാനിച്ചുവെന്ന് പ്രസിദ്ധീകരിക്കാൻ പാടില്ലെന്നും ഗവർമ്മേണ്ട് വ്യക്തമാക്കി. ഇതൊരു ഭൂകമ്പത്തിന്നുതന്നെ ഇടയാക്കി. പൊതു സമൂഹവും പത്രങ്ങളും ഇടതുപക്ഷ എം.പി. മാരുമെല്ലാം ഇതിനെ രൂക്ഷമായി എതിർത്തു. അങ്ങനെ ആ നിർദ്ദേശം തൽക്കാലം മാറ്റിവച്ചു.

വിവരാവകാശ നിയമത്തിലെ "വിവരം" എന്ന പദത്തിന്റെ വ്യാപ്തിയിൽനിന്ന് ഫയൽ നോട്ടുകൾ ഒഴിവാക്കാനാവില്ലെന്ന് കേന്ദ്ര ഇൻഫർമേഷൻ കമ്മീഷൻ പലതവണ കല്പനയായിട്ടും കേന്ദ്രഗവർമ്മേണ്ടിന്റെ പേഴ്സനൽ വകുപ്പ് വഴങ്ങിയില്ല. അവരിപ്പോഴും ഫയൽ നോട്ടുകൾ പ്രസിദ്ധപ്പെടുത്താൻ വിസമ്മതിച്ചുവരികയാണ്. ഭരണപരിഷ്ക്കാര കമ്മീഷന്റെ നിർദ്ദേശങ്ങൾ സംബന്ധിച്ച കേന്ദ്ര ഗവർമ്മേണ്ടിന്റെ നിലപാട് ഒരു കാര്യം വ്യക്തമാക്കുന്നു. ഫയൽ നോട്ടുകൾ പൂർണ്ണമായോ ഭാഗികമായോ രഹസ്യമാക്കി വയ്ക്കാൻ ഗവർമ്മേണ്ട് ഉദ്ദേശിക്കുന്നുണ്ട്.

2. അപ്രധാന വിവരങ്ങളും വളരെ ബുദ്ധിമുട്ടി ശേഖരിക്കേണ്ട വിവരങ്ങളും തടഞ്ഞുവയ്ക്കാൻ ഗവർമ്മേണ്ട് ഉദ്ദേശിക്കുന്നു. ഈ പറയുന്ന "അപ്രധാന വിവരങ്ങൾ" ആരാണ് നിശ്ചയിക്കുക. ഏതു വിവരത്തിനുള്ള അപേക്ഷ കിട്ടിയാലും അത് "അപ്രധാന"മാണെന്നു പറഞ്ഞ് തിരസ്കരിക്കാൻ ഉദ്യോഗസ്ഥർക്ക് സൗകര്യമൊരുക്കുന്ന ഒരു ഭേദഗതിയാണിത്. അതുപോലെ, "ബുദ്ധിമുട്ടി ശേഖരിച്ചുണ്ടാക്കേണ്ട" വിവരം ഏതാണെന്നു നിശ്ചയിക്കുന്നതും ഉദ്യോഗസ്ഥന്മാർ തന്നെയായിരിക്കും. ഒരപേക്ഷ ഇത്തരത്തിൽ തിരസ്കരിച്ചാൽ അക്കാര്യം ഇൻഫർമേഷൻ കമ്മീഷനെ അറിയിച്ചിരിക്കണം എന്ന ഭരണ പരിഷ്കാര കമ്മീഷന്റെ നിർദ്ദേശം ഗവർമ്മേണ്ട് തിരസ്കരിച്ചിരിക്കുകയാണ്. ചുരുക്കത്തിൽ ഏതെല്ലാം വിവരം പ്രസിദ്ധീകരിക്കണമെന്ന് തീരുമാനിക്കുന്നത് ഉദ്യോഗസ്ഥന്മാർതന്നെയാകും.

സാധാരണയായി ആരെങ്കിലും ഓടിച്ചെന്ന് സർക്കാർ നികുംഭിലയിലുള്ള രഹസ്യങ്ങളുടെ വിവരം ചോദിക്കാറില്ല. സർവ്വീസിലുള്ള ജീവനക്കാർക്കോ റിട്ടയർ ചെയ്തവർക്കോ മാത്രമേ സർക്കാർ ഓഫീസുകളിലെ കാര്യങ്ങൾ അറിവുണ്ടാകൂ. അതിനാൽ "നിസ്സാര" കാര്യം ആരെങ്കിലും ചോദിക്കുമെന്ന് കരുതേണ്ട കാര്യമില്ല. ഭരണപരിഷ്കാര കമ്മീഷനും സർക്കാരും ഇക്കാര്യം ചിന്തിച്ചിട്ടില്ലെന്ന് വ്യക്തം. ഗവർമ്മേണ്ട് കൊണ്ടുവരാനുദ്ദേശിക്കുന്ന ഭേദഗതി പാസാക്കുകയാണെങ്കിൽ രഹസ്യമായി വയ്ക്കണമെന്ന് ഉദ്യോഗസ്ഥന്മാർക്ക് തോന്നുന്ന ഒരഴിമതിയും പുറത്തുകൊണ്ടുവരാൻ കഴിയില്ല. എല്ലാം "നിസ്സാര"മെന്നു പറഞ്ഞുതള്ളാം.

# കമ്മീഷൻ പരമ്പരയിലേക്ക് ഒരെണ്ണം കൂടി

**എ**ന്തെങ്കിലും അനിഷ്ട സംഭവമുണ്ടായാൽ, ഒരന്വേഷണ കമ്മീഷനെ നിയമിച്ച് ജനക്ഷോഭം ശമിപ്പിക്കുക എന്നത് ഇന്ത്യയിൽ സർവ്വസാധാരണമാണ്. കമ്മീഷനുകളുടെ റിപ്പോർട്ടുകൾ "ശുപാർശ" എന്ന ഗണത്തിൽ പെടുന്നതാകയാൽ, അതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും മേൽ നടപടിയെടുക്കുന്നത് അതി വിരളമാണ്.

അയോധ്യയിലെ ബാബരി മസ്ജിദ് തകർത്തതു സംബന്ധിച്ച് അന്വേഷണം നടത്തിയ ജ: ലിബറാൻ കമ്മീഷന്റെ റിപ്പോർട്ടാണ് സർക്കാരിന്റെ പത്തായപുരയിൽ പുതുതായി എത്തിയിരിക്കുന്നത്. അന്വേഷണം പൂർത്തിയാക്കാൻ കമ്മീഷന്ന് പതിനേഴുകൊല്ലം വേണ്ടി വന്നു. കമ്മീഷന്റെ ശമ്പളത്തിന്നും മറ്റുമായി എട്ടുകോടി രൂപ ചെലവാക്കി.

എന്നിട്ടോ? എന്നിട്ടൊന്നുമില്ല. 27 വാള്യമുള്ള ഈ റിപ്പോർട്ട് പഠിക്കാൻ ഗവർമ്മേണ്ട് ഇനി ഉദ്യോഗസ്ഥ തലത്തിൽ ഒരു കമ്മിറ്റിയെ നിയമിക്കും. അതിലെ ഓരോ അംഗം റിട്ടയർ ചെയ്യുമ്പോൾ പുതിയൊരാളെ നിയമിക്കും. കുറച്ചുകാലം കഴിയുമ്പോൾ ഇക്കാര്യം തന്നെ എല്ലാവരും മറക്കും.

ഇതിന്റെ തുടക്കം 1949 ലാണ്. ചില ഹൈന്ദവ സംഘടനകളുടെ ഭീഷണി മൂലം യു.പി. ഗവർമ്മേണ്ട് ബാബരി മസ്ജിദിന്റെ സംരക്ഷണത്തിന്നായി പോലീസിനെ നിയോഗിച്ചിരുന്നു. 1949ൽ ഒരു ദിവസം പോലീസുകാർ അറിയാതേയോ പോലീസിന്റെ ഒത്താശയോടേയോ ആരോ ഒരാൾ ചെറിയൊരു ശ്രീരാമ വിഗ്രഹം ബാബരി മസ്ജിദിൽ കൊണ്ടുപോയി വച്ചു.

സാധാരണക്കാരുടെ ഭാഷയിൽ ഇതു കയ്യേറ്റമാണ്. സാധാരണ ഗതിയിൽ കയ്യേറ്റക്കാർക്കെതിരെ കേസെടുക്കുകയാണ് വേണ്ടത്. എന്നാൽ അന്നത്തെ ➡



ജ: ലിബറാൻ പ്രധാനമന്ത്രി മൻമോഹൻ സിങ്ങിന്ന് അയോധ്യാ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നു.

കലക്ടർ അതു ചെയ്തില്ല. (ഈ മാന്യൻ റിട്ടയർ ചെയ്തശേഷം ബി.ജെ.പി. എം.പി.യായി) പിന്നീട് ആരോ കേസ് കൊടുത്തു. ആ കേസ് ഇന്നും ഏതോ കോടതിയിൽ കെട്ടികിടപ്പുണ്ട്.

ബാബരി മസ്ജിദിൽ കയ്യേറ്റം നടത്തിയതിന്നെതിരെ 1949ൽ നിയമാനുസൃതം നടപടിയെടുത്തിരുന്നുവെങ്കിൽ, പിന്നീടുണ്ടായ സംഭവവികാസങ്ങളെല്ലാം ഒഴിവാക്കാമായിരുന്നു. ഇംഗ്ലീഷിലൊരു ചൊല്ലുണ്ട് - യഥാസമയം ഒരു തുന്നലിട്ടാൽ ഒമ്പത് തുന്നൽ ഒഴിവാക്കാം.

അതു പോകട്ടെ ഇപ്പോൾ എന്തിനാണിങ്ങനെ ഒരന്വേഷണത്തിന്ന് കല്പനയിട്ടത്? പതിനായിരക്കണക്കിന്ന് ആളുകളുടെ മുന്നിൽവച്ച്, ഡസൻ കണക്കിന്നു ക്യാമറകളുടെ മുന്നിൽവച്ച് നടന്ന ഒരു സംഭവത്തെക്കുറിച്ച് എന്തന്വേഷിക്കാനാണ്? ഒരുപക്ഷെ ഇതിൽ പങ്കുള്ള ഒരു എറുമ്പുപോലും രക്ഷപ്പെടരുത് എന്ന വാശിയാകാം ഇത്തരമൊരന്വേഷണകല്പനക്കു കാരണം. അന്വേഷണത്തിന്ന് കല്പന പുറപ്പെടുവിച്ച ആൾ കഥാവശേഷനായെങ്കിലും ഭാരതീയരുടെ ഭാഗ്യം കൊണ്ട് അന്വേഷണം നടത്തിയ ജഡ്ജി കഥാവശേഷനായില്ല.

ഇന്ത്യയിൽ എത്രയെത്ര കമ്മീഷനുകളാണ് ജനിച്ചതും മരിച്ചതും! ഓരോ കമ്മീഷന്നു വേണ്ടിയും കോടിക്കണക്കിന്നു നികുതിപ്പണം ചെലവാക്കേണ്ടി വരും. എന്നിട്ടോ? ഒരു കാര്യവുമുണ്ടാകാറില്ല. പ്രധാന കേസുകളുടെ അന്വേഷണത്തിന്നായിത്തന്നെ നാൽപ്പതിലേറെ കമ്മീഷനുകൾ നിയമിക്കപ്പെട്ടിട്ടുണ്ട്. അവ മുക്കിമൂളി സമർപ്പിക്കുന്ന റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങളൊന്നും ഗവർമ്മേണ്ട് നടപ്പാക്കാറില്ല.

രാജീവ്ഗാന്ധിയുടെ വധത്തെക്കുറിച്ച് അന്വേഷിക്കാൻ ജ: ജെ.എസ്. വർമ്മ അധ്യക്ഷനായുള്ള ഒരു ഉന്നതാധികാര കമ്മീഷനെ നിയമിച്ചിരുന്നു. കമ്മീഷന്റെ നിർദ്ദേശങ്ങളിലൊന്ന് ശ്രീ പെരുംപുതൂരിൽ രാജീവ്ഗാന്ധിയുടെ പരിപാടി നിശ്ചയിച്ച കോൺഗ്രസ് നേതാക്കൾക്കെതിരെ അച്ചടക്ക നടപടിയെടുക്കണമെന്നായിരുന്നു. നിസ്സാരമായ ഈ ശുപാർശപോലും അവഗണിക്കപ്പെടുകയാണുണ്ടായത്.

---

3. വിവരം നൽകേണ്ടതില്ലാത്ത സ്ഥാപനങ്ങളുടെ പട്ടിക വികസിപ്പിക്കണമെന്നതാണ് മറ്റൊരു നിർദ്ദേശം. വിവരാവകാശ നിയമത്തിലെ 24-ാം വകുപ്പനുസരിച്ച് ചില സ്ഥാപനങ്ങളുടെ വിവരങ്ങൾ പൂർണമായും നൽകേണ്ടതില്ല. ഇത്തരം സ്ഥാപനങ്ങളുടെ ലിസ്റ്റ് വികസിപ്പിക്കണമെന്നതാണ് ഭരണപരിഷ്കാര കമ്മീഷന്റെ നിർദ്ദേശം. ഈ നിർദ്ദേശം ഗവർമ്മേണ്ട് സ്വീകരിച്ചിട്ടില്ലെങ്കിലും ദേശരക്ഷാസേനകളെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്നൊഴിവാക്കാൻ സമഗ്രമായ നിർദ്ദേശം ദേശരക്ഷാവകുപ്പിന്ന് നൽകുമെന്ന് ഗവർമ്മേണ്ട് പറയുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ കര-കടൽ-വ്യോമ സേനകളെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കും.

4. ഫീസ് സംബന്ധിച്ച വ്യവസ്ഥ ഭേദഗതി ചെയ്യാനും പ്ലാനുണ്ട് പക്ഷെ അതിന്ന് നിയമം ഭേദഗതി ചെയ്യേണ്ട കാര്യമില്ല. നിയമം നടപ്പാക്കാനുണ്ടാക്കിയിരിക്കുന്ന ചട്ടങ്ങളിൽ പെട്ടതാണിത്. ഗവർമ്മേണ്ടിന്ന് ഇഷ്ടംപോലെ ഭേദഗതി ചെയ്യാവുന്ന ഒന്നാണിത്.

ചുമരെഴുത്ത് വ്യക്തം. വിവരാവകാശ നിയമം ഗവർമ്മേണ്ട് ഭേദഗതി ചെയ്യാൻ പോകുന്നു. ഏതൊരു ഭേദഗതിയും ഗവർമ്മേണ്ടിന്റെ രഹസ്യങ്ങൾ സൂക്ഷിക്കാനുള്ളതാകും. അഴിമതിക്കാർ ഏറ്റവും ഭയപ്പെടുന്ന നിയമമാണിത്. ജനങ്ങൾ ഒത്തൊരുമിച്ച് ചെറുക്കാത്ത പക്ഷം വിവരാവകാശനിയമം ഒരു അലങ്കാര വസ്തുവായിത്തീരും. ❑

# വിചാരണത്തടവുകാർ എന്ന ശപിക്കപ്പെട്ട മനുഷ്യർ

- ഹർഷ മന്ദർ -

**പ**തിനായിരക്കണക്കിന്നു പാവങ്ങൾ നമ്മുടെ ജയിലുകളിൽ കുടുങ്ങി കിടപ്പുണ്ട്. വിചാരണക്ക് വിധേയരാകാതേയും ശിക്ഷിക്കപ്പെടാതേയും കൊല്ലങ്ങളോളം അവർ അവിടെ കിടക്കുന്നു. അവരുടെ കാര്യം അന്വേഷിക്കാൻ ആരുമില്ല. അവർക്ക് ആശിക്കാനൊന്നുമില്ല.

വിചാരണത്തടവുകാർ എന്നു വിശേഷിക്കപ്പെടുന്ന ഇവരാണ് നമ്മുടെ ജയിലുകൾക്കകത്തുള്ളവരിൽ മൂന്നിൽ രണ്ടു ഭാഗവും. കോടതികൾക്കിതറിയാം; ഔദ്യോഗിക കമ്മീഷനുകൾക്കും ഇതറിയാം; മനുഷ്യാവകാശ പ്രവർത്തകരും ഇതറിയുന്നുണ്ട്. പക്ഷെ ആർക്കും ഒന്നും ചെയ്യാനാവുന്നില്ല.

ഭാഗ്യം കെട്ട ഈ വിചാരണത്തടവുകാരിൽ ആണും പെണ്ണും മാത്രമല്ല, കുട്ടികളുമുണ്ട്. ഇവരെല്ലാം പരമ ദരിദ്രരാണ്; സാമൂഹ്യമായി ഏറ്റവും അധ:പതിച്ച വിഭാഗങ്ങളിലുള്ളവരാണ്. കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെല്ലാം പാവങ്ങളാണ് എന്നല്ല ഇവിടെ വിവക്ഷിക്കുന്നത്. നിയമത്തിന്റെ പിടിയിൽ നിന്ന് രക്ഷപ്പെടാൻ മാർഗ്ഗമൊന്നുമില്ലാത്തവരാണ് ഇവരെന്നേ അർത്ഥമാക്കേണ്ടൂ. ഇവരുടെ കയ്യിൽ കാശില്ല; ഇവർക്ക് വിദ്യാഭ്യാസമില്ല; രാഷ്ട്രീയ പിൻബലമില്ല. കോടതി നിശ്ചയിക്കുന്ന നൂറോ അഞ്ഞൂറോ രൂപയുടെ ജാമ്യം കെട്ടാൻ കയ്യിൽ കാശില്ലാത്തവരും, ഒരു വക്കീലിന്നു ഫീസ് നൽകാൻ കാശില്ലാത്തവരും ജയിലിൽ കിടക്കേണ്ടി വരുന്നു. തീർത്താൽ തീരാത്തത്ര കേസുകൾ കെട്ടിക്കിടക്കുന്നതിനാൽ, കോടതികൾക്ക് ഈ പാവങ്ങളുടെ കേസ് വിചാരണ നടത്താൻ സമയവും കിട്ടുന്നില്ല.

ഗുരുതരമായ കുറ്റം ചെയ്തവരെ അറസ്റ്റ് ചെയ്യാൻ വ്യവസ്ഥയുണ്ട്. ➡ അവരെ മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കുമ്പോൾ അവരെ ജാമ്യത്തിൽ വിടാം; പോലീസ് കസ്റ്റഡിയിൽ വിടാം; അതുമല്ലെങ്കിൽ ജയിലിൽ സൂക്ഷിക്കാം. ഇവരാണ് വിചാരണത്തടവുകാർ. നിയമം ലംഘിച്ചുവെന്ന് കുറ്റം ചുമത്തുകയും എന്നാൽ ഒരു കോടതിയിൽ അത് തെളിയിക്കപ്പെടാതെ കിടക്കുകയും അയാളെ എന്തെങ്കിലും കാരണവശാൽ ജാമ്യത്തിൽ വിടാതിരിക്കുകയും ചെയ്യുമ്പോൾ അയാൾ വിചാരണത്തടവുകാരനായിത്തീരുന്നു. അയാൾക്കെതിരായ കേസ് വിചാരണ ചെയ്ത് അയാളെ ശിക്ഷിക്കുകയോ കുറ്റക്കാരനല്ലെന്ന് കണ്ട് വിട്ടയക്കുകയോ ചെയ്യാം. ശിക്ഷിക്കപ്പെട്ടാൽ ശിക്ഷയുടെ കാലാവധിവരെ ജയിലിൽ ജീവിക്കുകയും കോടതി പിഴ വിധിച്ചിട്ടുണ്ടെങ്കിൽ പിഴ അടക്കുകയും വേണം.

2006ലെ കണക്കനുസരിച്ച് ഇന്ത്യയിലാകെ ജയിലുകളിൽ 3,73,271 തടവുകാരുണ്ട്. ഇതിൽ 2,43,244 പേർ വിചാരണത്തടവുകാരാണ്. ഇവരിൽ 96 ശതമാനവും പുരുഷന്മാരാണ്.

പണ്ട് 1978ൽ നാഷനൽ പോലീസ് കമ്മീഷനിൽ അംഗമായിരുന്ന കെ.എഫ്. റസ്തംജി ഈ വിചാരണത്തടവുകാരോട് സഹതാപം പ്രകടിപ്പിച്ചിരുന്നു. വിചാരണത്തടവുകാരെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ അദ്ദേഹം പറഞ്ഞു. ഈ ജയിൽ സംവിധാനം ആയിരക്കണക്കിന്നാളുകളെ തവിടുപൊടിയാക്കുകയാണ് ചെയ്യുന്നത്. വിചാരണത്തടവുകാരിൽ മിക്കവരും മണ്ടൻമാരും പാവങ്ങളുമാണ്. നിയമത്തിന്റെ നൂലാമാലയിൽ തങ്ങൾ കുടുങ്ങിപ്പോയതെങ്ങനെയെന്നുപോലും അറിയാത്തവരാണധികവും. തങ്ങൾ ചെയ്ത കുറ്റമെന്താണെന്നോ എന്തിനാണ് തങ്ങളെ ജയിലിലടച്ചിരിക്കുന്നതെന്നോ ആ പാവങ്ങൾക്കറിയില്ല. ടിക്കറ്റില്ലാതെ യാത്ര ചെയ്തു, ആയുധം കൈവശം വച്ചു, വ്യാജ മദ്യമുണ്ടാക്കി എന്നിങ്ങനെയുള്ള ലഘുവായ കുറ്റങ്ങൾക്കാണ് ഇവരെ ജയിലിലടച്ചിരിക്കുന്നത്. പലരും അഞ്ചുകൊല്ലത്തിലേറെക്കാലം ജയിലിൽ കിടന്നവരാണ് എന്ന് റസ്തംജി പറഞ്ഞിരുന്നു.

ഏതെങ്കിലും കുറ്റം ചെയ്തതായി തെളിയിക്കാതെയാണ് ഇവരെ ഇത്രയേറെകാലം ജയിലിലടച്ചിരിക്കുന്നതെന്ന് ഓർക്കണം. വിചാരണ കഴിയുമ്പോൾ ഇവരിൽ പലരേയും വെറുതെ വിട്ടുവെന്നു വരും. എന്നാൽ ജയിലിനകത്ത് കഴിച്ചുകൂട്ടിയ അഞ്ചോ പത്തോ കൊല്ലം ഇവർക്ക് തിരിച്ചു കിട്ടില്ല. മാത്രമല്ല, ജയിൽപുള്ളി എന്ന ചീത്തപ്പേര് ആയുഷ്ക്കാലം മുഴുവൻ അവശേഷിക്കുകയും ചെയ്യും. അതിനേക്കാളെല്ലാം കഷ്ടതരമാണ് ഈ വിചാരണത്തടവുകാരുടെ മേൽ ഒരു കുറ്റവും ആരോപിക്കാനില്ലെന്നത്. കുറ്റകൃത്യം തടയാൻ ഒരാളെ തടങ്ങലിലാക്കണമെന്ന് ഗവർമ്മേണ്ടിന്നു തോന്നിയാൽ, അതിന്നുള്ള അധികാരം നൽകുന്ന വകുപ്പ് ക്രിമിനൽ നിയമത്തിലുണ്ട്. ഈ വ്യവസ്ഥയനുസരിച്ചാണ് മിക്കവരേയും അറസ്റ്റ് ചെയ്യുന്നത്. ഗ്രാമപ്രദേശങ്ങളിൽ ഈ നിയമം പാടെ ദുരുപയോഗപ്പെടുത്തുന്നതായി ഞാൻ കണ്ടിട്ടുണ്ട്. ഭവന രഹിതരായവർ, മാനസിക ദൗർബ്ബല്യങ്ങളുള്ളവർ, പട്ടിണിപാവങ്ങൾ എന്നിവർക്കെല്ലാം എതിരായാണ് ഈ നിയമം ഉപയോഗിക്കുന്നത്. റസ്തംജിയും ഇക്കാര്യം പറയുന്നുണ്ട്. റസ്തംജി പറയുന്നു: ഇവരിൽ പലരും നാട്ടിൽ അലഞ്ഞു നടക്കുന്നവരാണ്. സ്കൂളിൽ പഠിപ്പു നിർത്തി പുറത്തുവന്നവരുമുണ്ട്. ഓരോ പോലീസുകാരനും ഇത്ര കേസ് ചാർജ് ചെയ്യണമെന്ന ഒരു അലിഖിത നിയമമുണ്ട്. ആ എണ്ണം തികക്കാനായി അലഞ്ഞു നടക്കുന്നവരെ പിടികൂടുന്നു എന്നാണ് റസ്തംജി പറയുന്നത്.

ഇവരുടെ കഥ പുറത്തുവരുന്നത് അപൂർവ്വമാണ്. ആരാണിവർക്കുവേണ്ടി

---

1969ലെ അഹമ്മദാബാദ് കലാപത്തെക്കുറിച്ച് അന്വേഷിച്ച ജ: ജഗൻമോഹൻ റെഡ്ഡി കമ്മീഷൻ, 1982 ലെ കന്യാകുമാരി കലാപത്തെക്കുറിച്ച് അന്വേഷിച്ച ജ: വേണുഗോപാൽ കമ്മീഷൻ, 1992 -93 ലെ മുംബായ് കലാപത്തെക്കുറിച്ചന്വേഷിച്ച ജ: ശ്രീകൃഷ്ണ കമ്മീഷൻ, 1984 ലെ സിക്ക് വിരുദ്ധ കലാപത്തെക്കുറിച്ച് അന്വേഷിച്ച ജ: നാനാവതി കമ്മീഷൻ എന്നിവയുടെ റിപ്പോർട്ടുകളെല്ലാം ഇപ്പോഴും പത്തായപുരകളിൽ പൊടിപിടിച്ചു കിടപ്പുണ്ട്. അന്വേഷണ റിപ്പോർട്ടുകളിൽ കുറ്റക്കാരായി ചൂണ്ടിക്കാണിക്കപ്പെട്ടവർക്കെതിരായിപ്പോലും ഗവർമ്മേണ്ട് ഒരു നടപടിയും എടുക്കാറില്ല.

എന്തെങ്കിലും അക്രമമുണ്ടാകുമ്പോൾ, ജനങ്ങളുടെ ശ്രദ്ധ അതിൽനിന്ന് തിരിച്ചുവിടാനുള്ള ഒരു വിദ്യയായിട്ടുമാത്രമാണ് അന്വേഷണ കമ്മീഷനുകളെ നിയമിക്കുന്നത്. തന്റെ അന്വേഷണ റിപ്പോർട്ടിന്മേൽ ഒരു മേൽ നടപടിയുമുണ്ടാകില്ലെന്നു ബോധ്യമുള്ളതിനാൽ, ജഡ്ജിമാർക്കുപോലും ഇത്തരം കമ്മീഷനുകളിൽ താല്പര്യമില്ല. കനത്ത ശമ്പളം കിട്ടും എന്നതുമാത്രമാണ് ജഡ്ജിമാരെ കമ്മീഷനിൽ തുടരാൻ പ്രേരിപ്പിക്കുന്നത്.

കമ്മീഷന്റെ റിപ്പോർട്ടിൽ കുറ്റക്കാരായി ചൂണ്ടിക്കാണിക്കുന്നവരുടെ കേസ് നേരിട്ട് സി.ബി.ഐ.ക്ക് കൈമാറുമെന്നു വന്നാൽതന്നെ കമ്മീഷനുകൾക്ക് അല്പം ഗൗരവം വന്നുചേരും. ❑

പൊതുതാൽപര്യ ഹർജി സമർപ്പിക്കുക? ഇത്തരമൊരു കേസ് സുപ്രീം കോടതിയിൽ വന്നപ്പോൾ കോടതി നടത്തിയ പരാമർശം ഇതായിരുന്നു; "കുട്ടികളടക്കം വളരെയേറെ സ്ത്രീ-പുരുഷന്മാർ വിചാരണത്തടവുകാരായി ജയിലിൽ കിടപ്പുണ്ട്. ഇവരിൽ പലർക്കുമെതിരായ കേസ് നിസ്സാരമാണ്. കേസ് തെളിഞ്ഞാൽതന്നെ നാലഞ്ചുമാസത്തേക്കോ ഒന്നോ രണ്ടോ കൊല്ലത്തേക്കോ തടവുശിക്ഷ വിധിക്കേണ്ട കേസുകളാണിവ. എന്നിട്ടും പലരും മൂന്നുമുതൽ പത്തുകൊല്ലംവരെ ജയിൽവാസം അനുഷ്ഠിച്ചു കഴിഞ്ഞു. എന്നിട്ടും അവരുടെ കേസിന്റെ വിചാരണ പോലും ആരംഭിച്ചിട്ടില്ല.

വിചാരണത്തടവുകാരിൽ വലിയൊരു ഭാഗം ജയിലിൽ കിടന്ന് ദുരിതമനുഭവിക്കുന്നത്, അവർ ദരിദ്രരാണെന്നതുകൊണ്ടുമാത്രമാണെന്ന് കോടതി ചൂണ്ടിക്കാട്ടുന്നു. ജാമ്യം കെട്ടിവയ്ക്കാൻ കഴിവില്ലാത്തതുകൊണ്ടാണ് ഇവരിൽ മിക്കവരും ജയിലിൽ കിടക്കുന്നത്. പണക്കാർ കയ്യോടെ ജാമ്യംകെട്ടി ഇറങ്ങിപ്പോകുന്നു.

മറ്റൊരു കേസ് സംബന്ധിച്ച വിധിയിൽ സുപ്രീംകോടതി പറയുന്നു: വിചാരണത്തടവുകാരിൽ ചിലർ അഞ്ചോ ഏഴോ ഒമ്പതോ എന്നല്ല ചിലർ പത്തുകൊല്ലത്തിലേറെ കാലം വിചാരണ പോലും ആരംഭിക്കാതെ ജയിലിൽ കിടപ്പുണ്ട്. ഈ നഷ്ടപ്രാണനുകൾക്ക് നമ്മുടെ നീതിന്യായ സംവിധാനത്തിൽ എങ്ങനെ വിശ്വാസമുണ്ടാകാനാണ്. തങ്ങൾ എന്തെങ്കിലും കുറ്റം ചെയ്തതുകൊണ്ടല്ല, കോടതിയിൽ കെട്ടിവയ്ക്കാൻ പണമില്ലാത്തതിനാലും കോടതികൾക്ക് മറ്റുജോലിത്തിരക്കുള്ളതുകൊണ്ടും മാത്രമാണിവർ ജയിലിൽ കിടക്കുന്നത്.

മനോരോഗികൾ, ടിക്കറ്റില്ലാതെ യാത്രചെയ്തുവെന്നതിന്ന് പിടികൂടിയവർ, വെറും മോഷ്ടാക്കൾ തുടങ്ങിയ നിസ്സാര കുറ്റം ചെയ്തതിന്ന് ഇരുപതു കൊല്ലമായി ജയിലിൽ വിചാരണത്തടവുകാരായി കഴിയുന്നതിന്റെ ഉദാഹരണങ്ങൾ സുപ്രീംകോടതിയിൽ ചൂണ്ടിക്കാട്ടുകയുണ്ടായി.

ജയിൽ നിയമത്തിന്ന് തീർത്തും വിരുദ്ധമായി മിക്ക ജയിലുകളിലും എല്ലാതരം തടവുകാരേയും ഒന്നിച്ച് പിടിച്ചിടുകയാണ് ചെയ്യുന്നത്. വിചാരണത്തടവുകാരിൽ പലരും നിർദ്ദോഷികളാകാം; നിസ്സാര തെറ്റിന്നു പിടികൂടിയ ചെറുപ്പക്കാരാകാം. ഇവരെയെല്ലാം തനി ക്രിമിനലുകളുടെ കൂടെ പിടിച്ചിടുന്നു. ഈ ക്രിമിനലുകൾ മറ്റുള്ളവരെ കുറ്റകൃത്യങ്ങൾ നടത്താൻ പഠിപ്പിക്കുന്നു. പല ജയിലുകളിലും പ്രായപൂർത്തിയാകാത്തവരേയും മനോരോഗികളേയും തെണ്ടിത്തിരിഞ്ഞു നടക്കുന്നവരേയും കാണാം.

കോടതി ശിക്ഷിച്ച് ജയിലിലെത്തിയവരെ പുനരധിവസിപ്പിക്കാനായി പല പണികളും പഠിപ്പിക്കാറുണ്ട്. വിചാരണത്തടവുകാർ ശിക്ഷിക്കപ്പെട്ടവരല്ലാത്തതിനാൽ ഇവർക്ക് ജയിലിൽ പണിയൊന്നും നൽകാറില്ല. വിചാരണത്തടവുകാരെല്ലാം വെറുതെ വട്ടം കൂടിയിരുന്ന് സമയം കളയുന്നു. ശിക്ഷിക്കപ്പെട്ട തടവുകാർക്ക് എന്തെങ്കിലും ജോലിയെടുക്കാം. വിചാരണത്തടവുകാർക്ക് ആ ഒരാനുകൂല്യം പോലും നിഷേധിക്കപ്പെടുന്നു.

എന്തെങ്കിലും കുറ്റം ചെയ്തതിന്ന് പിടികൂടിയ ആളെ അയാൾക്ക് ലഭിക്കാവുന്ന പരമാവധി ശിക്ഷയുടെ പകുതിയിലേറെകാലം അയാളെ വിചാരണത്തടവുകാരനായി സൂക്ഷിക്കരുതെന്ന് സുപ്രീംകോടതി പല തവണ കൽപ്പിച്ചിട്ടുള്ളതാണ്. എന്നാൽ ഇന്ത്യയിലെ ഒരു ജയിലിലും ഈ കൽപ്പന മാനിക്കപ്പെടുന്നില്ല. എന്തു കോടതി; ഏതു കോടതി, ജയിലിന്നകത്തു വന്നുപെട്ടാൽ കുടുങ്ങിയതു തന്നെ. ❑



കവർസ്റ്റോറി

# ലാൽഗഢ്: ഒരു കലാപഭൂമി കൂടി രൂപം കൊള്ളുന്നു

- ആദിത്യ നിഗം -

**ഒ**ടുവിൽ കേന്ദ്രഗവർമ്മേണ്ടിന്റെ രക്ഷാസേന ലാൽഗഢിലെത്തി. ഇതോടെ ഇന്ത്യയിൽ ഒരു കലാപഭൂമി കൂടി വാർന്നുവീണുവെന്ന് നമുക്ക് ഏതാണ്ട് ഉറപ്പിക്കാം. കാശ്മീർ, മണിപ്പൂർ, നാഗാലാൻഡ്, ഛത്തീസ്ഗഢ് എന്നിവയുടെ കൂട്ടത്തിൽ നമുക്ക് ലാൽഗഢിനേയും എഴുതിച്ചേർക്കാമെന്നു തോന്നുന്നു.

ജനകീയ കലാപങ്ങൾ അടിച്ചമർത്താൻ സായുധസേനകൾക്ക് ഒരിടത്തും സാധിച്ചിട്ടില്ലെന്നതാണ് വസ്തുത. ലാൽഗഢിൽ മറ്റൊരു തരത്തിൽ സംഭവിക്കുമെന്ന് കരുതാൻ ന്യായമൊന്നും കാണുന്നില്ല. നക്ഷൽ പ്രസ്ഥാനത്തെ തകർത്തു തരിപ്പണമാക്കി എന്ന് ഒരുകാലത്ത് എല്ലാവരും വിശ്വസിച്ചിരുന്നു. അങ്ങനെ എല്ലാവരും ആശ്വസിച്ചിരിക്കുമ്പോഴാണ് അത് കൂടുതൽ വീറോടെ പ്രത്യക്ഷപ്പെട്ടത്.

കഴിഞ്ഞ കാലത്തെ അനുഭവങ്ങൾ വച്ചു പറഞ്ഞാൽ, മാവോയിസ്റ്റുകളെ സംഹരിക്കാനുള്ള ശ്രമങ്ങളുടെ അനന്തരഫലം കൂടുതൽ കൂടുതൽ മാവോയിസ്റ്റുകൾ ഉണ്ടാകുക എന്നതായിരിക്കും. ബംഗാൾ ഭരിക്കുന്ന മാർക്സിസ്റ്റ് പാർട്ടിക്ക് ഇത് നന്നായറിവുണ്ടാകേണ്ടതാണ്. കാരണം, ഇന്നലെ നടന്ന അന്തംകെട്ട വേട്ടകളാണ് ബംഗാളിലെ ചെറുപ്പക്കാരെ മാർക്സിസ്റ്റ് പാർട്ടിക്കാരാക്കിയത്.

ലാൽഗഢിലെ മനോജിന്റെ കഥ തന്നെ ഇതിന്ന് ഒന്നാന്തരമൊരു ഉദാഹരണമാണ്. 25 വയസ്സുമാത്രം പ്രായമുള്ള ഈ ചെറുപ്പക്കാരൻ ഈയിടെ "ടൈംസ് ഓഫ് ഇന്ത്യ"യോട് തന്റെ അനുഭവങ്ങൾ പറയുകയുണ്ടായി. മനോജ് ഇന്ന് ലാൽഗഢിലെ മാവോയിസ്റ്റ് നേതാവാണ്. മുമ്പിയാൾ കൂലി പണിക്കാരനായിരുന്നു. വർഷക്കാലത്ത് കന്നുകാലികളേയും വലിച്ചിഴച്ചുകൊണ്ട് ചളിയിൽ കൂടി പോകണം. ഒരിടത്തും ശുദ്ധജലം കിട്ടാനില്ല. ദാഹിക്കുമ്പോൾ പാടത്തെ ചളിവെള്ളം കുടിച്ച് ദാഹം തീർക്കണം. നാട്ടിൽ വൈദ്യുതി എത്തിയിട്ടില്ല. പ്രത്യേകിച്ചൊരു പണിയും ചെയ്യാനുമില്ല. വെറും പെരുച്ചാഴികളെപ്പോലെ ജീവിച്ച് മടുത്തു. ഒടുവിൽ 2002ൽ ഗ്രാമീണർ ഒത്തുകൂടി എന്തെങ്കിലും വികസന പ്രവർത്തനം നടപ്പാക്കണമെന്നാവശ്യപ്പെട്ടു. ഇത് മാർക്സിസ്റ്റ് പ്രമാണിമാരെ ക്ഷോഭിപ്പിച്ചു. മാർക്സിസ്റ്റുകാരും പോലീസും ഗൂഢാലോചന നടത്തി പല കള്ളക്കേസുകളും ചാർജ് ചെയ്തു. ആന്ധ്രയിലെ നക്ഷലുകളായ പീപ്പിൾസ് വാർ ഗ്രൂപ്പിന്റെ ഏജന്റുമാരാണ് ലാൽഗഢിലെ ചെറുപ്പക്കാരെന്നായിരുന്നു ആരോപണം. ഇവരാണ് ഈ ചെറുപ്പക്കാരെ മാവോയിസ്റ്റ് എന്ന മുദ്ര കുത്തിയത്. അപ്പോൾ ചെറുപ്പക്കാർ ആ വഴിക്ക് ചിന്തിക്കാൻ തുടങ്ങി. അങ്ങനെയാണ് ലാൽഗഢിൽ മാവോയിസ്റ്റുകളുണ്ടായതെന്ന് മനോജ് പറയുന്നു.

മനോജിന്റെ വീട്ടുകാർ കോൺഗ്രസ്സ് അനുഭാവികളായിരുന്നു. മമത 1998 ൽ തൃണമൂൽ കോൺഗ്രസ്സുണ്ടാക്കിയപ്പോൾ ഇവർ തൃണമൂലിൽ ചേർന്നു. പക്ഷെ മാവോയിസ്റ്റ് എന്ന മുദ്രകുത്തി അറസ്റ്റ് ചെയ്ത് ജയിലിലാക്കിയപ്പോൾ മാവോയിസ്റ്റാകുകയല്ലാതെ ഗതിയൊന്നുമില്ലായിരുന്നു. ജയിലിൽ വച്ചാണ് താൻ മാവോയിസ്റ്റ് നേതാവിനെ ആദ്യമായി കണ്ടെതെന്നും,

അദ്ദേഹമാണ് തനിക്ക് മാവോയിസ്റ്റ് തത്വങ്ങൾ പറഞ്ഞു തന്നതെന്നും മനോജ് പറയുന്നു.

ഒരു ജനാധിപത്യ പ്രക്രിയ എങ്ങനെ പരാജയപ്പെടാമെന്നും പോലീസ് അതിക്രമങ്ങൾ എങ്ങനെ തീവ്രവാദികളെ സൃഷ്ടിക്കുമെന്നുമുള്ളതിന്ന് ഒരു ഉത്തമോദാഹരണമാണിത്. വാസ്തവത്തിൽ പോലീസ് അതിക്രമങ്ങൾക്കെതിരായ കമ്മിറ്റിയുടെ പ്രമുഖ നേതാവായ ഛത്രധർ മഹതോ ഒരു കൊല്ലം മുമ്പുവരെ തൃണമൂൽ കോൺഗ്രസ്സുകാരനായിരുന്നു. ഇന്ന് പോലീസ് ഛത്രധർ മഹതോവിനെ മാവോയിസ്റ്റായി മുദ്രയടിച്ചു വിട്ടിരിക്കുകയാണ്; പോലീസ് അതിക്രമങ്ങൾക്കെതിരായ കമ്മിറ്റിയെ അവർ ഒരു മാവോയിസ്റ്റ് സംഘടനയായി ചിത്രീകരിച്ചിട്ടുമുണ്ട്. ഈ കെട്ടുകഥ മാർക്സിസ്റ്റ് പാർട്ടിക്ക് വളരെ രസിച്ചിരിക്കുന്നു; മുഖ്യധാരാ മാധ്യമങ്ങൾ പോലും ഈ കെട്ടുകഥ പ്രചരിപ്പിക്കുന്നതിന്ന് പരസ്പരം മത്സരിക്കുകയാണ്.

പക്ഷെ മാധ്യമങ്ങൾ മർമ്മ പ്രധാനമായൊരു കാര്യം വിട്ടുകളഞ്ഞിരിക്കുന്നു. ഈ പോലീസതിക്രമ വിരുദ്ധ കമ്മിറ്റി രൂപീകരിച്ചത് 2008 നവമ്പറിലാണ്. ബംഗാളിലെ മിഡ്നാപൂർ ജില്ലയിലെ സാൽബോനിയിൽ ജിൻഡൽ വ്യവസായ ഗ്രൂപ്പ് 35,000 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കാനുദ്ദേശിക്കുന്ന ഉരുക്കു നിർമ്മാണ ശാലയുടെ ശിലാസ്ഥാപനം നടത്തി കൽക്കത്തക്ക് തിരിച്ചു പോകുന്ന മുഖ്യമന്ത്രിയുടെ വാഹന വ്യൂഹത്തിന്നു നേരെ നക്ഷലുകൾ ബോംബാക്രമണം നടത്തിയത് ലാൽഗഡിനടുത്തു വച്ചായിരുന്നു. അതിന്റെ പേരിൽ പോലീസ് ഭീകരമായൊരു നരവേട്ടതന്നെ നടത്തി. ബോംബ് വച്ചവരെന്ന സംശയത്തിന്മേൽ പോലീസ് മൂന്നു സ്കൂൾ കുട്ടികളടക്കം ഏഴുപേരെ അറസ്റ്റ് ചെയ്തിരുന്നു. ഇതിന്നെതിരെ 2008 നവമ്പറിൽ രൂപീകരിച്ചതാണ് ഈ പോലീസതിക്രമ വിരുദ്ധ കമ്മിറ്റി.

നമ്മുടെ മാധ്യമങ്ങളെ സംബന്ധിച്ചിടത്തോളം ലാൽഗഡ് സംഭവം ആരംഭിക്കുന്നതിവിടെയാണ്. എന്നാൽ മിഡ്നാപൂരിലെ ജനങ്ങൾക്ക് ഇത് അവസാനത്തെ വൈക്കോൽ തുരുമ്പായിരുന്നു. പോലീസിന്റേയും വനം കരാറുകാരുടേയും നാനാവിധ ചൂഷണങ്ങൾക്കും പീഡനങ്ങൾക്കും വിധേയരായി ഗതികെട്ടുഴലുന്ന ആദിവാസികൾക്ക് ഇതിന്നപ്പുറം സഹിക്കാനാകുമായിരുന്നില്ല എന്നതാണ് വാസ്തവം. പത്തൊമ്പതാം നൂറ്റാണ്ടിൽ ബ്രിട്ടീഷുകാർക്കെതിരെ പൊരുതി ജയിച്ച സന്താൽ വർഗ്ഗത്തിന്റെ പിന്മുറക്കാരാണിവർ.

ലാൽഗഡിലേക്ക് പോലീസോ മാർക്സിസ്റ്റുകാരോ വരുന്നതു തടയാൻ ജനങ്ങൾ റോഡുകളിൽ കിടങ്ങുകളുണ്ടാക്കി. മരങ്ങൾ മുറിച്ചിട്ടു. ഇതൊന്നും മാവോയിസ്റ്റുകളുടെ പണിയായായിരുന്നില്ല. വാസ്തവത്തിൽ അടുത്തകാലംവരെ ലാൽഗഡിൽ മാവോയിസ്റ്റുകളുണ്ടായിരുന്നില്ല. കോൺഗ്രസ്സുകാരും തൃണമൂൽ കോൺഗ്രസ്സുകാരുമെല്ലാം പോലീസതിക്രമവിരുദ്ധ കമ്മിറ്റിയിൽ അംഗങ്ങളായിരുന്നു. ഒരു പക്ഷെ അതിൽ വല്ല മാവോയിസ്റ്റുകളും ഉണ്ടായിരുന്നുവെന്നു വരാം. ഏതായാലും നമ്മുടെ എലക്ട്രോണിക് മാധ്യമങ്ങളും അച്ചടി മാധ്യമങ്ങളും ഇതിനെയെല്ലാം മാവോയിസ്റ്റായി മുദ്രയടിച്ചു. അങ്ങനെ ഒരു ജനകീയ സരമത്തെ എല്ലാവരും കൂടി മാവോയിസ്റ്റാക്കി – നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി എന്നു പറഞ്ഞതുപോലെ.

ഏതായാലും ഒരു കാര്യം തീർച്ച. ലാൽഗഡ് ഒരു മാവോയിസ്റ്റ് കോട്ടയൊന്നുമായിരുന്നില്ല. വാസ്തവത്തിൽ അവിടെ പുതിയൊരു ജനാധിപത്യം പരീക്ഷിക്കുകയായിരുന്നു. മാവോയിസ്റ്റുകളും ഉണ്ടായിരുന്നുവെന്നത് ശരിയാണ്. പക്ഷെ മറ്റുള്ളവരുടെ ഇഛക്ക് വഴങ്ങാൻ അവർ നിർബ്ബദ്ധരായി. ലാൽഗഡിൽ ഇന്നു മാവോയിസ്റ്റുകളുണ്ടെങ്കിൽ അവർ പോലീസിന്റെ അതിക്രമങ്ങളിൽനിന്ന് സംരക്ഷണം തേടി എത്തിയവരാണ്.

ഈ പോലീസ് അതിക്രമ വിരുദ്ധ കമ്മിറ്റി കഴിഞ്ഞ ആറുമാസംകൊണ്ട് എന്തെല്ലാം അത്ഭുതങ്ങളാണ് കാഴ്ചവച്ചത്. ജനസഹകരണത്തോടെ അവർ ജലസംഭരണികളും കുളങ്ങളും നിർമ്മിച്ചു. ട്യൂബ് വെൽ ഉണ്ടാക്കി; നിരുപയോഗമായി കിടന്നിരുന്ന ജലസേചന കനാലുകൾ നന്നാക്കി. വിവിധ ഗ്രാമങ്ങളിലേക്ക് റോഡുകൾ നിർമ്മിച്ചു. കൽക്കത്ത ആസ്ഥനമായി പ്രവർത്തിക്കുന്ന ലാൽഗഡ് സംഹതി മഞ്ചം ധനസംഭരണം നടത്തി കടപഹാജിയിൽ ഒരു ഹെൽത്ത് സെന്റർ സ്ഥാപിച്ചു. അഞ്ചു സ്ത്രീകളും അഞ്ചു പുരുഷന്മാരുമടങ്ങിയ ഒരു കമ്മിറ്റി ദൈനംദിന കാര്യങ്ങൾ തീരുമാനിക്കുന്നു.

ലാൽഗഡിലെ ആദിവാസികൾ ആറുമാസമായി സ്വാതന്ത്ര്യം അനുഭവിച്ചുവരികയായിരുന്നു. പോലീസിന്റെ ശല്യമില്ല; വികസന പ്രവർത്തനങ്ങൾ നടക്കുന്നു. ഇതുകൊണ്ടെല്ലാമാണ് സുരക്ഷാസേനയുടെ മുന്നേറ്റത്തെ അവർ തടയാൻ ശ്രമിച്ചത്. മാവോയിസ്റ്റുകളെപ്പോലെ തോക്കും ബോംബും ഉപയോഗിച്ചല്ല അവർ ചെറുത്തത്. ആദിവാസികളുടെ പ്രാചീന ആയുധങ്ങളായ അമ്പും വില്ലും മഴുവുമായിട്ടാണ് അവർ പട്ടാളക്കാരെ നേരിട്ടത്. തീർത്തും സമാധാനപരമായ ചെറുത്തുനിൽപ്പായിരുന്നു അത്.

സായുധസേന കടന്നു കയറുന്നതോടെ ഇതെല്ലാം പഴങ്കഥയായിത്തീരും. ഇനിയിവിടെ രണ്ടു ശക്തികളേ ഉണ്ടാകൂ – സായുധ മാവോയിസ്റ്റ് സംഘങ്ങളും സർക്കാരിന്റെ സായുധ സേനയും. മാവോയിസ്റ്റുകൾ ആഗ്രഹിച്ചിരുന്ന സ്ഥിതിവിശേഷമാണിത്. മാവോയിസ്റ്റ് പ്രവർത്തന രീതിതന്നെ അങ്ങനെയാണ്. ആന്ധ്രയിലുണ്ടായതും ഛത്തീസ്ഗഡിലുണ്ടായതും ഇതാണ്. നിർബ്ബന്ധ പണപിരിവിന്ന് അപ്പോഴേ സൗകര്യം കിട്ടൂ; തോക്കുകൊണ്ട് കളിക്കാൻ അപ്പോഴേ പറ്റൂ. സമാധാനപരമായ, ജനാധിപത്യപരമായ, രാഷ്ട്രീയത്തിന്നുള്ള എല്ലാ സാധ്യതകളും ഇതോടെ കൊട്ടിയടക്കപ്പെടുന്നു; എല്ലാ വികസന പ്രവർത്തനങ്ങളും അസാധ്യമായിത്തീരുന്നു. ജനകീയ ജനാധിപത്യമെന്ന ഹ്രസ്വമായ വസന്തകാലത്തെക്കുറിച്ചുള്ള ഓർമ്മപോലും മങ്ങിമറഞ്ഞുപോകും.

ലാൽഗഡിൽ എന്താണ് സംഭവിച്ചതെന്ന് കുറിച്ചിടേണ്ടത് ഒരാവശ്യമാണ്. കഴിഞ്ഞ ചില ദശകങ്ങളിലായി മാർക്സിസ്റ്റുകാർ സമഗ്രാധിപത്യത്തിന്റേതായ ഒരു സംവിധാനം പടുത്തുയർത്തിയിരുന്നു. ജനങ്ങളുടെ പരാതികൾ പരിഹരിക്കാൻ ഇതി




ബംഗാളിലെ മിഡ്നാപൂർ ജില്ലയിൽ
മാവോയിസ്റ്റ് ശല്യമുള്ള മേഖലകൾ

ലൊരു സംവിധാനവുമില്ലായിരുന്നു. പോലീസ്, ഭരണകൂടം, പഞ്ചായത്തുകാർ സർവ്വോപരി പാർട്ടിക്കാർ – ഇവരെല്ലാമടങ്ങിയ സംവിധാനം ഭീതിജനകമായിരുന്നു. മാർക്സിസ്റ്റുകാർ സർവ്വത്ര ആയുധം ശേഖരിച്ചു വച്ചിട്ടുണ്ടെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമായിരുന്നു. മാർക്സിസ്റ്റുകാർക്കെതിരായ ജനക്ഷോഭം അതിർപൊട്ടിയൊഴുകിയപ്പോൾ, മാവോയിസ്റ്റുകൾ അതിൽനിന്നു മുതലെടുത്തു.

പട്ടാള നടപടിയെത്തുടർന്ന് ലാൽഗഡിലെത്തിയ മഹാശ്വേതാദേവി പറഞ്ഞതാണ് വാസ്തവം: ലാൽഗഡിനെപ്പോലുള്ള പ്രദേശങ്ങൾക്ക് ശുദ്ധജലം, ജല സേചന സൗകര്യം സൗരോർജ്ജം തുടങ്ങിയവ അടിസ്ഥാന സൗകര്യങ്ങളാണ് ആവശ്യം. ❏

# കടലിന്നും ചെകുത്താന്നും ഇടയിൽപെട്ട പാവങ്ങൾ

- അപർണ സെൻ -



അപർണ സെന്നിന്റെ നേതൃത്വത്തിൽ ലാൽഗഡ് സന്ദർശിച്ച കലാകാരന്മാർ പോലീസതിക്രമവിരുദ്ധ സമിതിയുടെ അധ്യക്ഷനായ ഛത്രധര മഹതോവുമായി സംസാരിക്കുന്നു. അപർണ സെൻ ഇടത്തെ അറ്റത്ത്; മഹതോ വലത്തെ അറ്റത്ത്.

സ്വജനം എന്ന സംഘടനയിലെ അംഗമാണ് ഞാൻ. സ്വജനം എന്നു പറഞ്ഞാൽ സ്വന്തക്കാർ എന്നർത്ഥം. കവി ജോയ് ഗോസ്വാമി, ഭാര്യ കാവേരി, ഷവോൺലി മിത്ര, അർപ്പിത ഘോഷ്, കൗശിക് സെൻ, പ്രൊ. ബോലൻ ഗംഗോപാധ്യായ, പ്രസൂന ഭൗമിക് എന്നിവരാണ് സംഘടനയിലെ മറ്റംഗങ്ങൾ. അതായത് സാഹിത്യകാരന്മാർ, നാടകക്കാർ, പ്രൊഫസർമാർ തുടങ്ങി സമൂഹത്തിന്റെ നാനാവശങ്ങളിൽനിന്നുമുള്ളവർ അതിലുണ്ട്. ഞങ്ങളിലാരും ഒരു രാഷ്ട്രീയ കക്ഷിയിലും പെട്ടവരല്ല. അതാണ് ഞങ്ങളുടെ ഏറ്റവും വലിയ ബലവും. ഞങ്ങൾക്കാരോടും വിരോധമില്ല; മമതയുമില്ല. ഞങ്ങളുടെ പ്രവർത്തനം പ്രശ്നാധിഷ്ഠിതമാണ്. നന്ദിഗ്രാമിലെ അതിക്രമങ്ങളാണ് ഇത്തരമൊരു സംഘടനക്കു കാരണമായത്.

ഭരണകക്ഷിയും പ്രതിപക്ഷവും തമ്മിൽ കടുത്ത വടംവലി നടക്കുന്നത് സ്വാഭാവികമാണ്. പക്ഷെ നാട് ഭരണകക്ഷിയുടേതല്ല; പ്രതിപക്ഷത്തിന്റേതുമല്ല. നാട് നമ്മുടേതാണ്; ജനങ്ങളുടേതാണ്. ജനാധിപത്യം സംരക്ഷിക്കാൻ നാം പൗരന്മാർ മുന്നിട്ടിറങ്ങണം. ബുദ്ധിജീവികളുടെ കടമയാണത്. അതുകൊണ്ടാണ് ലാൽഗഡിൽ എന്തു നടക്കുന്നു എന്ന് നേരിട്ടന്വേഷിക്കാൻ ഞങ്ങൾ തീരുമാനിച്ചത്.

ലാൽഗഡിൽ ചെന്നപ്പോൾ, അവിടത്തെ ജനങ്ങളെല്ലാം പേടിച്ചരണ്ട് കഴിയുന്നതായിട്ടാണ് കണ്ടത്. മാവോയിസ്റ്റുകളും പോലീസും ഭരണകൂടവും അവരെ ദ്രോഹിക്കുന്നു. 2008 നവംബറിൽ മുഖ്യമന്ത്രിയെ കൊല്ലാൻ മാവോയിസ്റ്റുകൾ നടത്തിയ ഒരു ശ്രമത്തോടെയാണ് പ്രശ്നം ആരംഭിക്കുന്നത്. ഒളിപ്പോരാളികൾ സാധാരണയായി പെരുമാറാറുള്ളതുപോലെ ബോംബ് സ്ഫോടനം കഴിഞ്ഞ ഉടനെ മാവോയിസ്റ്റുകൾ സ്ഥലംവിട്ടു. പോലീസിന്റെ അരിശം മുഴുവൻ ജനങ്ങളുടെ നേരെയാണ് അഴിച്ചുവിട്ടത്. പോലീസ് കാണിച്ച അതിക്രമങ്ങൾക്ക് കയ്യും കണക്കുമില്ല. ഗർഭിണികളെ പുറത്ത് വലിച്ചിട്ടു ചവിട്ടി. ചിന്താമണി എന്നൊരു സ്ത്രീയുടെ കണ്ണു കുത്തിപ്പൊട്ടിച്ചു. ഈ അതിക്രമങ്ങൾ മൂലം ചിലർ ചേർന്ന് പോലീസതിക്രമങ്ങൾക്കെതിരായ ഒരു കമ്മിറ്റി രൂപീകരിച്ചു. ഇവരുടെ നേതാവായ ഛത്രധർ മഹതോവിനെ ഞങ്ങൾ കണ്ടു. ഇടതുമുന്നണി 32 കൊല്ലം ഇരുന്നു ഭരിച്ചിട്ടും ലാൽഗഡിന്ന് ഒരു പുരോഗതിയുമുണ്ടായിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു.

കാര്യം ശരിയാണ്. ലാൽഗഡ് ദരിദ്രമാണ്. സ്കൂളില്ല; ചികിത്സാസൗകര്യമില്ല; വൈദ്യുതിയില്ല; ശുചീകരണ സൗകര്യമില്ല. ആഗോളവൽക്കരണത്തിന്റേതായ ഇക്കാലത്ത് ഈ സ്ഥിതി ആരെങ്കിലും പൊറുക്കുമോ? ദാരിദ്ര്യം കൊടികുത്തി വാഴുന്നിടത്ത് മാവോയിസ്റ്റുകൾ തഴച്ചുവളരുമെന്നത് ഒരു സത്യമാണ്. ജനങ്ങൾ പോലീസിനെ ബഹിഷ്ക്കരിച്ചു. മവോയിസ്റ്റുകൾ ചില പോലീസ് സ്റ്റേഷനുകൾ കൈവശപ്പെടുത്തിയതായും പറയുന്നുണ്ട്. പക്ഷെ സത്യം അറിയില്ല. പലരും പലതും പറയുന്നു.

ഞങ്ങൾ ലാൽഗഡിലെത്തിയ ജൂൺ 21-ാം തിയ്യതി ബൽപഹാരി പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ചില ഗ്രാമീണരെ പോലീസ് ദണ്ഡനമുറകൾക്കിരയാക്കിയതായി നാട്ടുകാർ പറഞ്ഞു. ചില പത്രക്കാർ അത് സ്ഥിരീകരിച്ചു. സ്ത്രീകളെ വീടുകളിൽനിന്ന് വലിച്ചു പുറത്തിട്ട് വസ്ത്രാക്ഷേപം നടത്തി. അവരുടെ സാരിയെടുത്ത് കൊടികെട്ടിയെന്നും അവരുടെ ഗുഹ്യഭാഗങ്ങളിൽ ചവിട്ടിയെന്നും കേട്ടു. ഏഴു വയസ്സുള്ള ഒരു ബാലന്റെ എല്ലൊടിഞ്ഞു. ഗ്രാമീണരുടെ ഒരേയൊരു ജലസ്രോതസ്സിൽ പോലീസുകാർ മലവിസർജ്ജനം നടത്തുകയും മൂത്രമൊഴിക്കുകയും ചെയ്തതാണ് ഏറ്റവും ബീഭത്സമായ സംഭവം. ഇതെല്ലാം കാരണം ജനങ്ങൾ നാടുവിട്ടോടുകയും ദുരിതാശ്വാസ ക്യാമ്പുകളെ ശരണം പ്രാപിക്കുകയും ചെയ്തു. വല്ലാതെ പരിഭ്രാന്തരായ ജനങ്ങൾ റോഡ് വെട്ടിപ്പൊളിച്ചും മരം മുറിച്ചിട്ടും മാർഗ്ഗതടസ്സമുണ്ടാക്കി. പോലീസ് ഭീകരതക്കെതിരെ തങ്ങൾ സമാധാനപരമായ സമരം നടത്തുകയാണെന്ന് ഗ്രാമീണർ അവകാശപ്പെടുന്നു. പരിക്കേറ്റവരെ ആസ്പത്രിയിലെത്തിക്കാൻപോലും പോലീസ് സമ്മതിച്ചിരുന്നില്ല.

വാസ്തവത്തിൽ ഞങ്ങൾ ഛത്രധർ മഹതോവുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹം പല തവണ മൊബൈലിൽ “രോഗിയെ ആസ്പത്രിയിൽ എത്തിച്ചില്ലേ” എന്ന് ചോദിക്കുന്നതു കേട്ടു. ജനങ്ങൾക്ക് പോലീസിനെയെന്നപോലെ മാവോയിസ്റ്റുകളേയും പേടിയാണ്. തങ്ങളുടേത് മാവോയിസ്റ്റ് സംഘടനയല്ലെന്നും, കാട്ടിൽ ഒളിച്ചിരിക്കുന്ന മാവോയിസ്റ്റുകൾ പോലീസിന്റെനേരെ വെടിവെക്കുന്നതിന് തങ്ങൾ ഉത്തരവാദിയല്ലെന്നും ജനങ്ങൾ പറയുന്നു. കുറെ മാവോയിസ്റ്റുകളും മറ്റു പാർട്ടിക്കാരും ഗ്രാമത്തിൽ നുഴഞ്ഞുകയറിയിട്ടുണ്ടെന്നത് വാസ്തവമാണ്. പക്ഷെ ആരാണ് മാവോയിസ്റ്റ് ആരാണ് തൃണമൂൽ എന്ന് തിരിച്ചറിയാൻ മാർഗ്ഗമൊന്നുമില്ല.

അതുപോലെത്തന്നെ സത്യമായ വേറൊരു കാര്യവുമുണ്ട്. മാർക്സിസ്റ്റുകാരായ പഞ്ചായത്തുകാർ ഒരുപാട് പണം മോഷ്ടിച്ചിട്ടുണ്ട്. കേന്ദ്രഗവർമ്മേ

# നന്ദിഗ്രാമിന്നും ഖെജൂരിക്കും ശേഷം ലാൽഗഡ്

**ബ**ംഗാളിലെ മിഡ്നാപ്പൂർ ജില്ലയിലെ ലാൽഗഡിൽ ഈയിടെയുണ്ടായ അതിക്രമങ്ങൾ മനസ്സിലാക്കണമെങ്കിൽ ഒരു കൊല്ലം മുമ്പ് നടന്ന നന്ദിഗ്രാം ഉപരോധത്തിന്റെ കഥ മനസ്സിലാക്കിയിരിക്കണം. ടാറ്റായുടെ കുട്ടികാർ നിർമ്മാണശാലക്കു വേണ്ടി നന്ദിഗ്രാമിലെ കൃഷിഭൂമി പിടിച്ചെടുക്കാൻ നടത്തിയ ശ്രമവും കർഷകർ അതിനെ ചെറുത്തു തോൽപ്പിച്ച കഥയും ആരും മറന്നിരിക്കാനിടയില്ല. അന്ന് നന്ദിഗ്രാമിലെ ജനങ്ങൾ മാർക്സിസ്റ്റ് പാർട്ടിക്കാരെയെല്ലാം നന്ദിഗ്രാമിൽനിന്ന് ആട്ടിയോടിച്ചിരുന്നു.

പക്ഷെ ജനങ്ങളുടെ എതിർപ്പിന്നും ഒരു പരിധിയുണ്ടല്ലൊ. ടാറ്റ കെട്ടും കെട്ടി സ്ഥലം വിട്ടുവെങ്കിലും നന്ദിഗ്രാമിൽനിന്ന് ഓടിക്കപ്പെട്ട മാർക്സിസ്റ്റുകാരുടെ സ്ഥിതി ദയനീയമായിരുന്നു. ഒടുവിൽ കേന്ദ്ര സായുധസേനയുടെ പിൻബലത്തോടെ മാർക്സിസ്റ്റുകാർ സായുധരായിത്തന്നെ തിരിച്ചെത്തി. അക്കാലത്ത് മാർക്സിസ്റ്റുകാർക്കിടയിൽ ധാരാളം തോക്ക് വിതരണം ചെയ്യപ്പെട്ടിരുന്നു. ➡

---

ണ്ടിൽനിന്നും പഞ്ചായത്തിന്നനുവദിക്കുന്ന പണമത്രയും പഞ്ചായത്ത് പ്രസിഡണ്ട് പോക്കറ്റിലാക്കുകയാണ് ചെയ്യുന്നത്.

തങ്ങളെ ദ്രോഹിക്കരുതെന്ന് മാവോയിസ്റ്റുകളോട് അപേക്ഷിക്കാൻ ഞങ്ങൾ ഗ്രാമീണരോട് നിർദ്ദേശിച്ചു. മാവോയിസ്റ്റുകളുമായി ബന്ധപ്പെടാൻ മാർഗ്ഗം വല്ലതുമുണ്ടായിരുന്നുവെങ്കിൽ ഞങ്ങൾതന്നെ അതു ചെയ്യുമായിരുന്നു. പക്ഷെ അവരുമായി ബന്ധപ്പെടാൻ മാർഗ്ഗമൊന്നുമില്ല. കൊല്ലുന്നത് മാർക്സിസ്റ്റുകാരെയാണെങ്കിലും ശരിയല്ല. മാവോയിസ്റ്റുകളുമായി ബന്ധപ്പെടാൻ മാർഗ്ഗമില്ലാതിരുന്നതിനാൽ ഞങ്ങൾ മാധ്യമങ്ങൾ വഴി അവരോടപേക്ഷിച്ചു. തങ്ങൾക്ക് മവോയിസ്റ്റുകളുമായി ഒരു ബന്ധവുമില്ലെന്ന് ഒരു പ്രസ്താവനയിറക്കാൻ ഞങ്ങൾ പോലീസ് അതിക്രമ വിരുദ്ധ കമ്മിറ്റിക്കാരോട് അപേക്ഷിച്ചു. പക്ഷെ അവർക്കതിന്നു ധൈര്യമില്ല.

സ്വജനം കേന്ദ്ര ആഭ്യന്തരമന്ത്രി പി. ചിദംബരത്തിന്ന് ഒരു കത്തയച്ചിട്ടുണ്ട്. ലാൽഗഡിലെ ജനങ്ങൾ അനുഭവിച്ചുവരുന്ന ദുരിതങ്ങൾ അതിൽ വിവരിച്ചിട്ടുണ്ട്. ജനങ്ങൾക്ക് ആരേയും വിശ്വാസമില്ലാതായിരിക്കുന്നു. അതിനാൽ കേന്ദ്ര ഗവർമ്മേണ്ട്തന്നെ മധ്യസ്ഥത വഹിക്കണം.

സ്വജനം 144-ാം വകുപ്പ് ലംഘിച്ചുവെന്നാണ് ഇപ്പോഴത്തെ ആക്ഷേപം. പക്ഷെ അവിടെ 144-ാം വകുപ്പനുസരിച്ച് നിരോധനാജ്ഞയുണ്ടെന്നറിയാൻ മാർഗ്ഗമൊന്നുമില്ലായിരുന്നു. ഞങ്ങൾ ലാൽഗഡിലേക്ക് പുറപ്പെടുന്നതിന്നു മുമ്പ് അധികൃതരെ വിവരം അറിയിച്ചിരുന്നു. ചീഫ് സെക്രട്ടറിയുമായി സംസാരിക്കുകപോലും ചെയ്തു. "ഇപ്പോൾ പോകാതിരിക്കുന്നതാണ് നല്ലത്. രണ്ടു ദിവസം കഴിഞ്ഞിട്ടു പോരേ?" എന്നു മാത്രമാണ് അദ്ദേഹം പറഞ്ഞത്. 144ന്റെ കാര്യമൊന്നും അദ്ദേഹം പറഞ്ഞില്ല. ലാൽഗഡിലേക്കുള്ള വഴിക്ക് പലേടത്തുവച്ചും പോലീസ് ഞങ്ങളുടെ കാർ തടഞ്ഞുനിർത്തി പരിശോധിച്ചു. ആരും 144ന്റെ കാര്യം പറഞ്ഞില്ല.

പോലീസതിക്രമ വിരുദ്ധസമിതിയുടേതു പോലുള്ള ജനാധിപത്യപരമായ ഒരു പ്രതിഷേധ പ്രകടനംപോലും അനുവദിക്കാതിരിക്കുകയാണെങ്കിൽ അതു കഷ്ടംതന്നെയാണ്. ❑



ഈയിടെ തിരഞ്ഞെടുപ്പു വന്നപ്പോൾ പോലീസ് ഒരു ആയുധവേട്ട നടത്തി. ഒട്ടേറെ മാർക്സിസ്റ്റുകാരുടെ വീടുകളിൽനിന്ന് തോക്കുകൾ പിടിച്ചെടുത്തു. നന്ദിഗ്രാം പിടിച്ചെടുക്കുന്നതിന്നുള്ള പ്രത്യാക്രമണത്തിന്ന് മാർക്സിസ്റ്റുകാർ തൊട്ടടുത്ത ഖെജൂരിയെയാണ് താവളമാക്കിയിരുന്നത്. പോലീസ് കെട്ട് കെട്ടായി ആയുധങ്ങൾ പിടിച്ചെടുത്തത് ഖെജൂരിയിൽ നിന്നായിരുന്നു. ഇതിനെത്തുടർന്ന് ക്ഷുബ്ധരായ ജനങ്ങളും മാർക്സിസ്റ്റുകാരും തമ്മിൽ പല സംഘട്ടനങ്ങളുമുണ്ടായി.

കഴിഞ്ഞ മേയിലെ തിരഞ്ഞെടുപ്പിൽ മാർക്സിസ്റ്റുകാർക്ക് ലോകസഭാസീറ്റും നിയമസഭാസീറ്റും നഷ്ടപ്പെട്ടു. 1977 മുതൽ മാർക്സിസ്റ്റുകാർ കൈവശംവച്ചുവന്നിരുന്ന സീറ്റുകളായിരുന്നു ഇവ. ഇത്തവണ തൃണമൂൽ കോൺഗ്രസ്സിന്റെ ശിശിര അധികാരിയും മകൻ സുഭേന്ദു അധികാരിയുമാണ് നിയമസഭാ-ലോകസഭാ സീറ്റുകളിൽ ജയിച്ചത്.

മാർക്സിസ്റ്റ് സ്ഥാനാർത്ഥികൾ തോറ്റുവെന്നല്ല, മാർക്സിസ്റ്റുകാരുടെ വീടുകളിൽനിന്ന് ആയുധശേഖരങ്ങൾ പിടിച്ചെടുക്കുകയും ചെയ്തത് ഖെജൂരിയിൽ സംഘർഷാത്മകമായ ഒരന്തരീക്ഷം സൃഷ്ടിച്ചിരുന്നു. ഖെജൂരിയിൽ പലേടത്തും മാർക്സിസ്റ്റ് ഓഫീസുകൾ ജനങ്ങൾ തല്ലിത്തകർത്തു. പലതും തീവച്ചു നശിപ്പിച്ചു. നൂറുകണക്കിന്ന് മാർക്സിസ്റ്റുകാർ ജീവനും കൊണ്ട് ഓടിരക്ഷപ്പെട്ടു. ഇങ്ങനെ



പോലീസ് അതിക്രമവിരുദ്ധ കമ്മിറ്റിക്കാർ മാർക്സിസ്റ്റ് മേഖലാ കമ്മിറ്റി മെമ്പറായ ചാനീകരന്റെ വീട് തല്ലിത്തകർക്കുന്നു.

നാടുവിട്ടോടേണ്ടിവന്നവരിലൊരാൾ ജില്ലാ സെക്രട്ടേറിയറ്റ് അംഗമായ അശോക് ഗുരിയയാണ്.

ഈ അതിക്രമങ്ങളെത്തുടർന്ന് പോലീസ് തൃണമൂൽ കോൺഗ്രസ്സുകാരായ 14 പേരെ അറസ്റ്റ് ചെയ്തു. പിന്നെ അതായി പ്രശ്നം. ആദ്യം ഖജൂരി പോലീസ് സ്റ്റേഷൻ വളഞ്ഞുവെങ്കിലും പിന്നീട് സ്റ്റേഷനിലേക്കുള്ള തടസ്സം നീക്കി. എന്നാൽ പോലീസുമായി ഒരു തരത്തിലും സഹകരിക്കരുതെന്ന് തൃണമൂൽ കോൺഗ്രസ് ജനങ്ങൾക്ക് നിർദ്ദേശം നൽകി. പോലീസിന്നെതിരെ ഒരു ബഹിഷ്കരണ സമരം ആരംഭിച്ചു. പോലീസുകാർക്ക് ഒരു തീപ്പെട്ടി പോലും വിൽക്കരുതെന്നാണ് തൃണമൂൽ കോൺഗ്രസ്സിന്റെ നിർദ്ദേശം. പോലീസ് സ്റ്റേഷനിലേക്കുള്ള ടെലിഫോൺ ബന്ധവും വാട്ടർ കണക്ഷനും ജനങ്ങൾ മുറിച്ചിട്ടിരിക്കുകയാണ്.

ഈ പ്രശ്നം പരിഹരിക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്നതിന്നിടയിലാണ് ലാൽഗഡിൽ പോലീസ് അതിക്രമങ്ങൾക്കെതിരായ പ്രക്ഷോഭണം ആരംഭിച്ചത്. ഖെജൂരി കിഴക്കൻ മിഡ്നാപ്പൂരിലും ലാൽഗഡ് പടിഞ്ഞാറൻ മിഡാപൂരിലുമാണ്. കൽക്കത്തയിൽനിന്ന് ഏതാണ്ട് 200 കിലോമീറ്റർ ദൂരെയാണ് ലാൽഗഡ്. ലാൽഗഡിലേക്കു മാത്രമല്ല അതിന്നപ്പുറത്ത് ബങ്കൂറിലേക്കും പ്രക്ഷോഭണം പടർന്നു പിടിക്കുകയുണ്ടായി.

ബംഗാളിൽ ജനരോഷം ആളിക്കത്തുന്നത് ഇതാദ്യമല്ല. നമ്മുടെ മാധ്യമങ്ങൾക്ക് താൽപര്യം കുറവാകയാലും മാർക്സിസ്റ്റ് പ്രചരണസംവിധാനം പ്രബലമാകയാലും അധികമാരും ഇതൊന്നും അറിയാറില്ലെന്നേയുള്ളൂ. 2007 ഒക്ടോബറിൽ ബങ്കൂറ, ബീർഭൂം, മൂർഷിദാബാദ്, ബർദ്വാൻ തുടങ്ങിയ ജില്ലകളിലും കലാപം ആളിക്കത്തുകയുണ്ടായി. റേഷൻ ഷാപ്പുകളിൽ അരി കിട്ടാത്തതായിരുന്നു പ്രധാന കാരണമെന്നു പറയാം. അരികിട്ടാതെ വരുന്നതിന്റെ കാരണം അഴിമതിതന്നെ. റേഷനരി ലോറിക്കണക്കിന്ന് മറിച്ചു വിൽക്കുന്നത് കേരളീയർക്കറിയാവുന്ന കാര്യമാണല്ലൊ. പക്ഷെ കേരളീയരെപ്പോലെ സഹിക്കുന്നവരല്ല ബംഗാളികൾ.

മുപ്പതുകൊല്ലമായി ഇരുന്നു ഭരിക്കുന്ന മാർക്സിസ്റ്റുകാർ ബംഗാളിൽ തികഞ്ഞൊരു സമഗ്രാധിപത്യസംവിധാനമുണ്ടാക്കിയിട്ടുണ്ട്. അവിടെ പരാതി കേൾക്കാനോ പരിഹരിക്കാനോ ആരുമില്ല. പോലീസും ഭരണകൂടവും പഞ്ചായത്തും പാർട്ടിയുമെല്ലാം ഒന്നാണെന്നു വരുമ്പോൾ കലാപത്തിന്നിറങ്ങുകയല്ലാതെ ഏന്താണ് മാർഗ്ഗം? മാർക്സിസ്റ്റുകാർ സകല മുക്കിലും മൂലയിലും ആയുധങ്ങൾ ശേഖരിച്ചു വച്ചിട്ടുണ്ടെന്ന് ജനങ്ങൾക്കറിയാം. അക്രമത്തിന്റേതായ ഒരു സംസ്കാരം വളർത്തിയെടുത്ത മാർക്സിസ്റ്റുകാർ ആ വിള കൊയ്യുന്നുവെന്നേയുള്ളൂ. ഇതിൽ മാവോയിസ്റ്റുകൾക്ക് പങ്കൊന്നുമില്ല. നന്ദിഗ്രാമിലെ പ്രക്ഷോഭണത്തിന്റെ അരുകുപറ്റി മാവോയിസ്റ്റുകളും നടന്നിരുന്നു. ഈയിടെ ഖജൂരിയിൽ കലാപമുണ്ടായപ്പോഴും മാവോയിസ്റ്റുകൾ മുന്നോട്ടു വന്നിരുന്നില്ല. എന്നാൽ ലാൽഗഡിൽ മാവോയിസ്റ്റുകളും തലനീട്ടിയിരുന്നു.

ഒറ്റപ്പെട്ട ഒരു ഗ്രാമത്തിൽ മാവോയിസ്റ്റുകൾക്ക് ഒന്നും ചെയ്യാനാവില്ല. എന്നാൽ നാൽപതിൽ പരം ഗ്രാമങ്ങൾ ഉൾപ്പെട്ട ഒരു മേഖലയാകെ സ്വാധീന വലയത്തിലാക്കാൻ കഴിഞ്ഞതിനാലാണ് ലാൽഗഡിൽ മാവോയിസ്റ്റുകൾ മുന്നോട്ടു വന്നത്. കൂട്ടായ പ്രവർത്തനം, ജനാധിപത്യപരമായ പ്രവർത്തനം എന്നൊക്കെ പറയുന്നത് മാവോയിസ്റ്റുകൾക്ക് പറ്റിയതല്ല. അവരുടെ പ്രവർത്തനങ്ങളെല്ലാം രഹസ്യമായിരിക്കും. ഹിംസാത്മകമായിരിക്കും. മാർക്സിസ്റ്റുകാരുടെ അതിക്രമ രാഷ്ട്രീയവും സമഗ്രാധിപത്യ ഭരണ രീതിയുമാണ് മാവോയിസ്റ്റുകൾക്ക് വളക്കൂറുള്ള മണ്ണുണ്ടാക്കുന്നത്. ❑

# കോടീശ്വരന്മാർ പെരുകുന്നു

1949ൽ കൊച്ചിയും തിരുവിതാംകൂറും തമ്മിൽ ലയിച്ച് തിരുകൊച്ചി രൂപം കൊള്ളുന്ന അവസരത്തിൽ കൊച്ചിയുടെ പ്രധാനമന്ത്രി ഇ. ഇക്കണ്ടവാരിയരായിരുന്നു. ഇരു രാജ്യങ്ങളുംതമ്മിലുള്ള ലയനക്കരാറിൽ കൊച്ചിക്കുവേണ്ടി ഒപ്പുവച്ചത് അദ്ദേഹമാണെന്നു പറയുന്നു. അങ്ങനെ കൊച്ചി രാജ്യത്തിന്റെ പ്രധാനമന്ത്രിയായിരുന്ന ഇക്കണ്ടവാരിയർ അവസാന കാലത്ത് പുറമ്പോക്ക് ഭൂമിയിൽ വച്ചുകെട്ടിയ ഒരു കുടിലിൽകിടന്നാണ് അന്ത്യശ്വാസം വലിച്ചത്.

ഇത് ഒറ്റപ്പെട്ട ഒരു സംഭവമല്ല. സ്വാതന്ത്ര്യ സമരകാലത്ത് നേതാക്കളിൽ മിക്കവരും ത്യാഗികളായിരുന്നു. ഈയിടെ നിയമസഭയിൽ ആരോ കട്ടൻചായയും കുടിച്ച് മുറിബീഡിയും വലിച്ചുനടന്നിരുന്ന കാലത്തെപ്പറ്റി പരിഹാസപൂർവ്വം പറയുകയുണ്ടായി. നമ്മുടെ കണ്ണിലുണ്ണികളായിരുന്ന മിക്ക നേതാക്കളുടേയും സ്ഥിതി അതായിരുന്നു.

സ്വാതന്ത്ര്യംനേടി അറുപതുകൊല്ലം കഴിഞ്ഞപ്പോൾ സ്ഥിതിഗതികൾ നേരെ മറിച്ചായി. ഇത്തവണ പാർലിമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരിൽ കോടീശ്വരന്മാരാണ് അധികം.

പ്രധാനമന്ത്രിയോടൊപ്പം ഒന്നാംഗഡുവിൽ സത്യപ്രതിജ്ഞചെയ്ത് മന്ത്രിപദമേറ്റ 19 പേരിൽ അഞ്ചുപേർ പത്തു കോടിയിൽപരം രൂപയുടെ സ്വത്തുള്ളവരായിരുന്നു. ഇത് അസൂയാലുക്കൾ പറഞ്ഞുപരത്തിയ ചീത്തപ്പേരല്ല; ഇവർ എലക്ഷൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച സത്യവാങ്മൂലത്തിലുള്ള കണക്കാണിത്.

മുപ്പത്തഞ്ചു കോടിയുടെ സ്വത്തുക്കളുള്ള മുരളി ദേവരയും മുപ്പത്തിരണ്ടു കോടി രൂപയുടെ സ്വത്തുള്ള കപിൽ സിബലും ഇതിൽ ഒന്നാം സ്ഥാനത്തും രണ്ടാം സ്ഥാനത്തും നിൽക്കുന്നു. 14 കോടിയുടെ സ്വത്തുള്ള കമൽനാഥിനാണ് മൂന്നാം സ്ഥാനമെങ്കിൽ, ആഭ്യന്തരകാര്യമന്ത്രി ചിദംബരത്തിന്നും സ്പീക്കറായ മീരാകുമാറിന്നും പത്തുകോടിവീതം വരുന്ന സ്വത്തുക്കളാണുള്ളത്.

ശരദ് പവ്വാർ, അംബിക സോണി, സുശീൽകുമാർ ഷിൻഡേ, ജയ്പാൽ റെഡ്ഡി എന്നിവർ പത്തു കോടിക്കുതാഴെ സ്വത്തുള്ളവരാണ്. കേരളത്തിൽനിന്നുള്ള എ.കെ. ആന്റണിക്ക് 17 ലക്ഷവും വയലാർ രവിക്ക് അഞ്ചുലക്ഷവും മാത്രമേ സ്വത്തുള്ളൂ. ❑

Reg. No.3551/93/L Dis Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21. Date of posting: 28-07-2009

# ചീനയിൽ വംശീയ കലാപം

**ചീ**നയുടെ പടിഞ്ഞാറെ അറ്റത്ത് കിടക്കുന്ന സിങ്കിയാങ് സംസ്ഥാനത്തിലുണ്ടായ വംശീയ കലാപത്തിൽ 160 പേർ മരിക്കുകയും ആയിരത്തോളം പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

തെക്കൻ ചീനയിൽ, ജൂണിൽ ഭൂരിപക്ഷ സമൂഹമായ ഹാൻ വംശക്കാരും സിങ്കിയാങ്ങിലെ ഉയിഗുർ എന്ന മുസ്ലീം വിഭാഗത്തിൽ പെട്ടവരും തമ്മിൽ ഒരടിപിടി നടന്നിരുന്നു. അതിനെപ്പറ്റി അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സിങ്കിയാങ് സംസ്ഥാനത്തിന്റെ തലസ്ഥാനമായ ഉറുംഖിയിൽ ജൂലായിൽ നടന്ന പ്രകടനത്തിൽ ഉയിഗുർ വംശക്കാരും ഹാൻ വംശക്കാരും തമ്മിൽ ഏറ്റുമുട്ടുകയാണുണ്ടായത്. തുടർന്നുണ്ടായ കലാപത്തിൽ ഒട്ടേറെ വീടുകൾ അഗ്നിക്കിരയായി.

ചീനയിലെ 55 ന്യൂനപക്ഷ വിഭാഗങ്ങളിലൊന്നാണ് ഉയിഗുർ. ഇവർ മുസ്ലീമുകളാണെന്നല്ല, സിങ്കിയാങ്ങിലെ ഭൂരിപക്ഷ വിഭാഗവുമാണ്. കസാക്കിസ്താൻ, ഉസ്ബെക്കിസ്താൻ, അഫ്ഘാനിസ്താൻ, പാക്കിസ്താൻ എന്നീ മുസ്ലീം പ്രദേശങ്ങളുടെ തുടർച്ചയായി കിടക്കുന്ന പ്രദേശമാണ് ചീനയിലെ സിങ്കിയാങ്.

തിബത്തുകാരെ ഒതുക്കാൻ വേണ്ടി തിബത്തിലാകെ ഹാൻ വംശക്കാരെ കുടിയേറ്റി പാർപ്പിച്ചു വരുന്നതുപോലെ സിങ്കിയാങ്ങിലെ മുസ്ലീമുകളെ ഒതുക്കാനായി അവിടേയും ഹാൻ വംശക്കാരെ കുടിയേറ്റി പാർപ്പിച്ചു വരുന്നുണ്ട്. ഇത് വലിയ സംഘർഷങ്ങൾക്കിടയാക്കുന്നു. കഴിഞ്ഞ മാർച്ചിൽ ഇതേ പ്രശ്നത്തെച്ചൊല്ലി വലിയ കലാപം നടക്കുകയുണ്ടായി. അതിന്റെ പിന്നാലെയാണ് സിങ്കിയാങ്ങിലെ കലാപം.

കലാപത്തിൽ പങ്കെടുത്തവരെന്ന് സംശയിക്കപ്പെടുന്ന നൂറുകണത്തിന്നാളുകളെ സായുധ പോലീസ് വളഞ്ഞുപിടിച്ചിട്ടുണ്ട്. സിങ്കിയാങ്ങിൽ തുർക്കി ഭാഷ സംസാരിക്കുന്ന ഉയിഗുറുകളും ഹാൻ വംശക്കാരും തമ്മിൽ നിരന്തരം സംഘട്ടനങ്ങളുണ്ടാകാറുണ്ട്.

കലാപത്തിൽ എത്രപേർ കൊല്ലപ്പെട്ടുവെന്ന് അറിയില്ല. റോഡിൽനിന്ന് 57 മൃതദേഹങ്ങൾ നീക്കം ചെയ്തതായി പോലീസ് പറയുന്നുണ്ട്. മറ്റുള്ളവർ ആസ്പത്രിയിൽവച്ച് മരിച്ചവരാണ്. ലോക ഉയിഗുർ കോൺഗ്രസ്സാണ് ഇതിന്റെയെല്ലാം പിന്നിലെന്ന് പോലീസ് പറയുന്നു. നിരോധിക്കപ്പെട്ട ഒരു സംഘടനയാണിത്.

തെക്കൻ ചീനയിലെ ഗുവാങ്ഡോണിൽ ജൂൺ 26നാണ് ആദ്യത്തെ സംഘട്ടനമുണ്ടായത്. ജൂലായ് 5 നാണ് ഉറംഖിയിൽ കലാപം പൊട്ടിപ്പുറപ്പെട്ടത്. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.